# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2025-2026**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ പി.കെ.ഡി പി 18/1260/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 03/09/2026
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

ഡയറക്ടർ. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഇ-മെയിൽ മുഖേന)

ജോയിന്റ് ഡയറക്ടർ, LSGD, പാലക്കാട് (ഇ-മെയിൽ മുഖേന)

നമ്പർ: കെ.എസ്.എ പി.കെ.ഡി പി 18/1260/26 തീയ്യതി: 03/09/2026

# പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-06-2025 മുതൽ 31-03-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-07-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ){സീനിയർ ഡെപ്യൂട്ടി ഡയറക്ടർ(In Charge) } | 22-07-2026 | 29-07-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-07-2026 | 29-07-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പി. വിദ്യ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സരിത. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രാജേശ്വരി. സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ചിന്നക്കുട്ടൻ ആർ | പ്രസിഡന്റ് | 01-04-2025 | 20-12-2025 |
| ശ്രീമതി ശോഭന ജയപ്രകാശ് | പ്രസിഡന്റ് | 21-12-2025 | 31-03-2026 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷിജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2025 | 31-03-2026 |
| ശ്രീമതി രമാദേവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2025 | 31-03-2026 |
| ശ്രീമതി ഗീത.എം.ജി | സി.ഡി.പി.ഒ | 01-04-2025 | 17-07-2025 |
| ശ്രീമതി ലത | സി.ഡി.പി.ഒ | 18-07-2025 | 31-03-2026 |
| ശ്രീമതി. റോഷ്നി ആർ | സൂപ്രണ്ട് (ഇൻചാർജ്ജ് ) , വൃദ്ധവികലാംഗ കേന്ദ്രം | 01-04-2025 | 04-04-2025 |
| ശ്രീ സുബീഷ് .പി | സൂപ്രണ്ട് (ഇൻചാർജ്ജ് ) വൃദ്ധവികലാംഗ കേന്ദ്രം | 05-04-2025 | 29-09-2025 |
| ശ്രീമതി സതീദേവി .വി.പി | സൂപ്രണ്ട് (ഇൻചാർജ്ജ് ) , വൃദ്ധവികലാംഗ കേന്ദ്രം | 30-09-2025 | 31-03-2026 |
| ശ്രീമതി. സ്മിത സാമുവൽ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2025 | 31-03-2026 |
| ശ്രീ അജീഷ് എ | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2025 | 31-03-2026 |
| ശ്രീ മണികണ്ഠൻ. പി | പട്ടികജാതി വികസന ഓഫീസർ | 01-04-2025 | 07-10-2025 |
| ശ്രീ വേലായുധൻ സി | പട്ടികജാതി വികസന ഓഫീസർ | 08-10-2025 | 31-03-2026 |
| ശ്രീമതി ആതിര.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2025 | 12-08-2025 |
| ശ്രീ ഫൈസൽ എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-08-2025 | 31-03-2026 |
| ഡോ.ബിനു എം ചാന്ദ്നി | സിവിൽ സർജ്ജൻ , സി.എച്ച്.സി നന്ദിയോട് | 01-04-2025 | 31-08-2025 |
| ഡോ.അജേഷ് എസ്. ആർ | സിവിൽ സർജ്ജൻ ,സി.എച്ച്.സി നന്ദിയോട് | 01-09-2025 | 31-03-2026 |
| ഡോ.സുരേഷ് എ.കെ | സിവിൽ സർജ്ജൻ , സി.എച്ച്.സി കൊടുവായൂർ | 01-04-2025 | 04-07-2025 |
| ഡോ.ഹസീന എം | സിവിൽ സർജ്ജൻ , സി.എച്ച്.സി, കൊടുവായൂർ | 05-07-2025 | 31-03-2026 |
| ശ്രീ പീതാംബരൻ | വ്യവസായ വികസന ഓഫീസർ | 01-04-2025 | 31-03-2026 |
| ശ്രീ ഷെറീഫുദ്ദീൻ .ഐ | സെക്രട്ടറി | 01-04-2025 | 09-07-2025 |
| ശ്രീ ദിനേശ്. കെ | സെക്രട്ടറി | 10-07-2025 | 08-08-2025 |

| | | | |
|---|---|---|---|
| ശ്രീമതി. മൃദുല.കെ.എസ് | സെക്രട്ടറി | 09-08-2025 | 01-09-2025 |
| ശ്രീ മണികണ്ഠൻ എസ് | സെക്രട്ടറി | 02-09-2025 | 17-09-2025 |
| ശ്രീ വിനേഷ് .പി | സെക്രട്ടറി | 18-09-2025 | 23-09-2026 |
| ശ്രീ സക്കീർ ഹുസൈൻ .പി | സെക്രട്ടറി | 24-09-2025 | 13-10-2025 |
| ശ്രീ വിജയകുമാർ എ | സെക്രട്ടറി | 14-10-2025 | 31-03-2026 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | യഥാർത്ഥത്തിൽ സ്ഥിര നിക്ഷേപം അല്ലാത്ത തുക വാർഷിക ധനകാര്യ പത്രികയിൽ സ്ഥിരനിക്ഷേപം ആയി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-2 |
| 4 | റവന്യൂ ചെലവ് മൂലധനചെലവ് ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ബ്ളോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ക്യാഷ് പരിശോധന | 1-6 |
| 12 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-7 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം | 1-8 |
| 14 | പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനമുറി - 3 വർഷം കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-9 |
| 15 | വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ പരിശീലനവും വിതരണവും - ഭൗതിക പരിശോധനയിൽ സ്റ്റോക്കിലെടുത്ത വാദ്യോപകരണങ്ങളിൽ കുറവ് | 1-10 |
| 16 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയില്ല | 1-11 |
| 17 | പഠനമുറി നിർമ്മാണം ധനസഹായം (New Project) - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-12 |
| 18 | ആനുകൂല്യം അന്തിമ ഗുണഭോക്താവിനു ലഭ്യമായോ എന്ന് ഉറപ്പാക്കിയില്ല | 1-13-1 |
| 19 | പഠനമുറി ധനസഹായം - 3 വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-13 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പു വരുത്തിയിട്ടില്ല | 1-14 |
| 21 | പി.എം.എ.വൈ, പി.എം ജന്മൻ പദ്ധതികൾ പ്രകാരമുള്ള ഭവനനിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു | 1-15 |
| 22 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം- നിയമാനുസൃത പിഴ ഈടാക്കിയില്ല. | 1-16 |
| 23 | നന്ദിയോട് സി.എച്ച്.സി /കൊടുവായൂർ സി.എച്ച്.സി എക്സ്റേ റും ഇലക്ട്രിഫിക്കേഷൻ-ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്താതെ പ്രവർത്തി നിർവഹണം നടത്തി | 1-17 |
| 24 | Standard Bid Document -SBD- ലെ വ്യവസ്ഥകൾ പാലിക്കാതെ നിർവ്വഹിക്കുന്നു-സ്ഥാപനത്തിന് ബാധ്യതയ്ക്ക് കാരണമാകുന്നു | 1-18 |
| 25 | സെക്യൂരിറ്റി ഡെപ്പോസിറ്റ് സമയബന്ധിതമായി തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല | 1-19 |
| 26 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകങ്ങൾ | 1-20 |
| 27 | ഇ-ടെൻണ്ടർ ഫീ തനതുഫണ്ടിലേക്ക് അടവാക്കേണ്ടതാണ് | 1-21 |
| 28 | അഡ്വാൻസ് സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല | 1-22 |
| | ഭാഗം 2 | |
| | --- No Records Found --- | |

| | | |
|---|---|---|
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക്-സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികധനകാര്യ പത്രിക -സംഗ്രഹം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **30.05.2026 ലെ** 3(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 23.06.2026**-ാം** തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്തിന്റെ മാർച്ച് 2026 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2026 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്തിന്റെ **2025-26** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്
തീയതി : **03**-09-2026

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയും പൊരുത്തപ്പെടുന്നില്ല.

സിഎഫ്.സി Tied, Untied ഫണ്ടുകളുടെ ബാലൻസ് B4 ഷെഡ്യൂൾ പ്രകാരം ആകെ 1,57,49,378 രൂപയാണ്. എന്നാൽ ഷെഡ്യൂൾ B17 പ്രകാരവും RP ഷെഡ്യൂൾ CB പ്രകാരവും 1,57,56,358 രൂപയാണ്. വ്യത്യാസം 6980 രൂപ പാലക്കുഴി ജലവൈദ്യുതി പദ്ധതിയുടെ ഡിവിഡന്റ് തുക ഇനത്തിൽ ഇ-ഗ്രാം സ്വരാജ് അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ആയിട്ടുള്ളതാണ്. ഈ തുക

തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ബാലൻസ് തുക ക്രമീകരിച്ചിട്ടുള്ളതായി ഓഡിറ്റ് അന്വേഷണം നം 5/23.07.26 ന് മറുപടിയായി അറിയിച്ചു.

## 1-1-2 യഥാർത്ഥത്തിൽ സ്ഥിര നിക്ഷേപം അല്ലാത്ത തുക വാർഷിക ധനകാര്യ പത്രികയിൽ സ്ഥിരനിക്ഷേപം ആയി ഉൾപ്പെടുത്തിയിരിക്കുന്നു

| Code | Schedule | Description Of Items | Amount |
|---|---|---|---|
| 4208001 | **B12-I**nvestments | Fixed Deposits | **37804000** |

കൊടുവായൂർ Old Age Home നിർമ്മാണത്തിനായി സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും ലഭ്യമായതും South Indaian Bank ൽ സൂക്ഷിച്ചിരുന്നതുമായ 38104711 രൂപ 14.05.25 ൽ ഫെഡറൽ ബാങ്ക് ന്റെ Savings Bank Account ലെ BESPOKE SAVINGS SCHEME ( BSS ) ലേക്ക് മാറ്റിയിട്ടുണ്ട്. ഈ തുകയിൽ മേൽപ്പറഞ്ഞ സ്കീം പ്രകാരം 37804000 രൂപ മാറ്റിയിട്ടുണ്ട്. . എന്നാൽ ഇത് സാധാരണ സേവിംഗ്സ് ബാങ്ക് നേക്കാൾ കൂടുതൽ പലിശ ലഭിക്കാമെങ്കിലും ഇത് ഒരു Fixed Deposit അല്ല. മാത്രമല്ല സാമൂഹ്യ ക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച ഈ തുക ലയബിലിറ്റി ഹെഡിൽ (B4) വകയിരുത്താതെ Asset ഹെഡിൽ ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് KSMARTൽ പരാതി രജിസ്റ്റർ ചെയ്തിട്ടുള്ളതായും KSMART മുഖേനയുള്ള ആദ്യ അക്കൗണ്ടായതിനാലാണ് ഇത്തരത്തിൽ അപാകം സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. തുടർ വിവരം അറിയിക്കേണ്ടതാണ്.

## 1-1-3 റവന്യൂ ചെലവ് മൂലധനചെലവ് ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു

Maintenance Non Road ഫണ്ടിൽ നിന്നുള്ള താഴെ പറയുന്ന ചെലവുകൾ Capital Contribution ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | വർക്ക് ഡിസ്ക്രിപ്ഷൻ | തുക |
|---|---|---|
| **1** | Electrification Of X-Ray Room In Koduvayur FHC | 18131 |
| 2 | SCDO E Office Formation | 73281 |
| 3 | Repair Of Constituent Establishments Block Main Buildings | 455875 |

മേൽപ്പറഞ്ഞ ചെലവുകൾ യഥാർത്ഥത്തിൽ അറ്റകുറ്റപ്പണി/നവീകരണ പ്രവൃത്തികളായതിനാലും ഒരു പുതിയ സ്ഥിരാസ്തി സൃഷ്ടിക്കപ്പെടാത്തവയായതിനാലും ഇത് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിൽ ഉൾപ്പെടുത്താവുന്നവയല്ല. സോഫ്റ്റ്‌വെയറിൽ പ്രൊജക്റ്റ് എൻട്രി നടത്തുമ്പോൾ ആസ്തിയുടെ ഉടമസ്ഥത കോഡ് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൃത്യമായ ചെലവ് ശീർഷകങ്ങളിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

## 1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണം – Notes On Accounts

## 1-1-5 ബ്ളോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തി

2025-26 വാർഷിക കണക്കിൽ Schedule B9 -Fixed Assets ൽ ആകെ 177447147/- രൂപയുടെ മൂല്യം കണക്കിൽ എടുത്തിട്ടുണ്ട് . ആയതിൽ താഴെ പരാമർശിക്കുന്നവ ബ്ളോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളാണ്.

| ക്രമ നം | ശീർഷകം /ഇനം | തുക |
|---|---|---|
| 1 | 4103001- Concrete Roads | 15959668 |
| 2 | 4103002- Black Topped Roads | 33685450 |
| 3 | 4103003 -Interlocked Roads | 1116942 |
| 4 | 4103005-Metalled Roads | 6449975 |
| 5 | 4103008- Bridges | 4995957 |
| 6 | 4103010- Culverts | 864909 |
| 7 | 4103012- Side Walls | 896572 |
| 8 | 4103102- Drainage | 729103 |
| 9 | 4103204-Distribution And Regulation System- Water Supply | 1455341 |
| 10 | 4103205- Distribution And Regulation System Public Lighting | 1133299 |
| 11 | 4101008-Public Well | 24109162 |

മേൽ വസ്തുതകൾ പരിശോധിച്ച് കൃത്യമായ വിവരം ലഭ്യമാക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി എൻക്വയറി (നം.7/23/07/2026) നൽകിയിരുന്നു.

ആയതിനു ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28/07/2026 ലെ 5853885/26 നം.കത്തു പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ സുലേഖ സോഫ്റ്റ് വെയറിൽ പ്രൊജക്ട് എൻട്രി നടത്തിമ്പോൾ സൃഷ്ടിക്കുന്ന/പുനരുദ്ധരിക്കുന്ന ആസ്തികളുടെ ഉടമസ്ഥത, പ്രോജക്ട് നിർവഹണം നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനം എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാലാണ് കെസ്മാർട്ടിൽ ഷെഡ്യൂൾ ബി 9 പ്രകാരം ബ്ളോക്ക് പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളും ഉൾപ്പെട്ടിട്ടുള്ളത്. ഇപ്രകാരമുള്ള അപാകങ്ങൾ ഒഴിവാക്കുന്നതിന് മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്.

## 1-2 ബജറ്റ്

2025-26 വർഷത്തെ ബജറ്റ് 19.03.2025 തിയ്യതിയിലെ ഭരണസമിതി തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. ഈ ബജറ്റ് 16.02.2026 ലെ ഭരണസമിതി തീരുമാനം 1(2) പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 83711715 | 311864445 | 314953564 | 80622596 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 83711715 |
| ഓഡിറ്റ് വർഷത്തെ വരവ് | 100181675 |
| ആകെ | 183893390 |
| ചെലവ് | 159134029 |
| നീക്കിയിരിപ്പ് | 24759361 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 25872600 | 25872600 | 25731733 | 140867 |
| വികസനഫണ്ട് എസ്.സി.പി | 0 | 21639400 | 21639400 | 21562642 | 76758 |
| വികസനഫണ്ട് ടി.എസ്.പി | 0 | 5848600 | 5848600 | 5573448 | 275152 |

| | | | | | |
|---|---|---|---|---|---|
| മെയ്റ്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 10467000 | 10467000 | 5466221 | 5000779 |
| CFC-Tied | 14314113 | 4138000 | 18452113 | 7284805 (*) | 11167308 |
| CFC-UnTied | 5910138 | 5517000 + 506976 (പലിശ) | 11934114 | 7352044 (**) | 4582070 |

**(*) (1)** സുലേഖ ചെലവ് പത്രിക പ്രകാരം CFC-Tied ഇനത്തിലുള്ള ചെലവ് **7423755** രൂപയാണ്. വാർഷികധനകാര്യ പത്രിക പ്രകാരമുള്ള 7284805 രൂപയുമായുള്ള **138950** രൂപയുടെ വ്യത്യാസം എന്നത് നികുതികൾ കുറവ് ചെയ്ത്ത് അതത് ഹെഡുകളിൽ അടവാക്കിയത് 2026-27 സാമ്പത്തിക വർഷത്തിലായതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ ചെലവ് പ്രതിഫലിക്കാത്തതു മൂലമാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

**(*) (2)** CFC അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം CFC-Tied ഇനത്തിലുള്ള ആകെ ചെലവ് **7257805** രൂപയാണ്. വ്യത്യാസം **27000** രൂപ എന്നത് പ്രൊജക്ട് നം 194/26 ൽ ആകെ ചെലവ് 2,70,000 രൂപയിൽ നിന്നും പാർട്ട് ബിൽ 27000 (10% തുക) 04/2026 ൽ നൽകിയതു മൂലം ഉണ്ടായതാണ്.

**(**) (1)** സുലേഖ ചെലവ് പത്രിക പ്രകാരം CFC-UnTied ഇനത്തിലുള്ള ചെലവ് **7389266** രൂപയാണ്. വാർഷികധനകാര്യ പത്രിക പ്രകാരമുള്ള 7352044 രൂപയുമായുള്ള വ്യത്യാസം **37222** രൂപ എന്നത് നികുതികൾ കുറവ് ചെയ്ത്ത് അതത് ഹെഡുകളിൽ അടവാക്കിയത് 2026-27 സാമ്പത്തിക വർഷത്തിലായതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ഈ ചെലവ് പ്രതിഫലിക്കാത്തതു മൂലമാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

**(**) (2)** CFC ഫണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം CFC-UnTied ഇനത്തിലുള്ള ആകെ ചെലവ് **7240044** രൂപയാണ്. വ്യത്യാസം **112000 രൂപ** എന്നത് പ്രൊജക്ട് നം 239/26 ൽ ആകെ ചെലവ് 1128000 രൂപയിൽ നിന്നും പാർട്ട് ബിൽ 112000 (10% തുക) 04/2026 ൽ നൽകിയതു മൂലം ഉണ്ടായതാണ്.

**B4, B17 വ്യത്യാസം**

സിഎഫ്.സി Tied, Untied ഫണ്ടുകളുടെ ബാലൻസ് B4 ഷെഡ്യൂൾ പ്രകാരം ആകെ 1,57,49,378 രൂപയാണ്. എന്നാൽ ഷെഡ്യൂൾ B17 പ്രകാരവും RP ഷെഡ്യൂൾ CB പ്രകാരവും 1,57,56,358 രൂപയാണ്. വ്യത്യാസം 6980 രൂപ എന്നത് ഷെഡ്യൂൾ R7 Income From Investments , Dividend ആയി വാർഷിക ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും ഈ തുക തനത് ഫണ്ടിൽ നിക്ഷേപിക്കുന്നതിനു പകരം തെറ്റായി ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയതാണെന്ന് അറിയിച്ചിട്ടുണ്ട്. തനത് ഫണ്ടിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

## സംസ്ഥാനാവിഷ്കൃതം

| | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Old Age Home | 38104711 | **0** | 38104711 | **37804000**-F.D 1099821 + 66251 ( TDS) | **- 865361 (*)** |
| കേരളോത്സവം | 0 | 10000 | 10000 | 10000 | 0 |

**(*)** BESPOKE SAVINGS SCHEME ലേക്ക് **37804000** രൂപ മാറ്റി. എന്നാൽ **1099821** രൂപയുടെ ബിൽ നൽകിയത് 31.03.2026 ൽ ആയതിനാലും **66251** രൂപ ടി.ഡി.എസ് ഈടാക്കിയതിനാലുമാണ് നെഗറ്റീവ് ബാലൻസ് വന്നത്. 06.04.26 ന് തന്നെ ബാലൻസ് ക്രമീകരിച്ചിട്ടുണ്ട്. ബാങ്കിന് കത്ത് നൽകിയതിനെ തുടർന്ന് ടി.ഡി.എസ് പിടിച്ച തുക തിരികെ ക്രെഡിറ്റ് ആക്കിയിട്ടുണ്ട്.

## കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഐ എ വൈ പ്ലാൻഫണ്ട് | 10315844 | 0 | 10315844 | 9666000 | 649844 |
| Contributions For Joint Venture Projects (For Centrally Sponsored Scheme) - From Village Panchayats | 8230887 | 188172 | 8419059 | 4518000 | 3901059 |
| Contributions For Other Specific Purposes (For RevenueExpenditure) - From Village Panchayats | 2763450 | 0 | 2763450 | 350000 | 2413450 |
| ഹെൽത്ത് ഗ്രാന്റ് (Towards Diagnostic Infra Structure) | 6672445* | 155659 | 6828104 | 3137735 | 3690369 |
| ഹരിയാലി | 54421 | 1410 | 55831 | 0 | 55831 |
| Total Sanitation Campaign | 58724 (#) | 1522 | 60246 | 0 | 60246 |

(#) യഥാർത്ഥ ബാലൻസ് -14724

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 170 | 371669016 | 115 | 107713995 | 55 | 67.64 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി അസി.ഡയറക്ടർ | 3 | 3 | 10205000 | 6482114 | 63.5 |
| ഡി.ഇ.ഒ | 2 | 2 | 2050000 | 450000 | 22 |
| സി.ഡി.പി.ഒ | 3 | 3 | 2480000 | 1626400 | 65.5 |
| പട്ടികജാതി വികസന ഓഫീസർ | 6 | 5 | 3190000 | 1775051 | 55.6 |
| സെക്രട്ടറി | 42 | 29 | 227185632 | 60605228 | 26.7 |
| അസി.എക്സി. എഞ്ചിനിയർ | 36 | 30 | 72676683 | 18166211 | 25 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-CHC | 25 | 21 | 14521306 | 9060298 | 62.4 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2450000 | 1890000 | 77 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 49 | 19 | 34443728 | 7168839 | 20.8 |
| ഐഇഒ | 1 | 0 | 1866667 | 0 | 0 |
| സൂപ്രണ്ട് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനം | 1 | 1 | 600000 | 489854 | 81.64 |
| ആകെ | 170 | 115 | 371669016 | 107713995 | 29 |

## 1-6 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2026 തീയതിയിൽ 03.15 PM ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പ്രസ്തുത ദിവസം ക്യാഷ് ആയി വരവൊന്നും ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവിലൂടെ വ്യക്തമായി വിഭജിച്ച് നൽകുകയും ആവശ്യമായ ഘട്ടങ്ങളിൽ കാലികമാക്കുകയും ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ നിർവഹണ ഏജൻസികൾക്ക് ഗണ്യമായ തുകകൾ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടില്ല. സംയുക്ത പദ്ധതികൾക്കായി ലഭിച്ചതും ചെലവഴിക്കാത്തതുമായ തുകയുടെ കൃത്യമായ വിവരം ലഭ്യമല്ല. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അക്കൗണ്ടുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനും പദ്ധതി മാർഗ്ഗരേഖകളും ധനകാര്യ ചട്ടങ്ങളും കർശനമായി പാലിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ നിബന്ധനകൾക്ക് വിധേയമായി നടപടികൾ സ്വീകരിച്ചിട്ടുള്ളതും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തു വിതരണം നടത്തിയിട്ടുള്ളതുമാണ്. മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചാൽ പൂർത്തീകരണ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ടുകൾ എന്നിവ മരാമത്ത് ഫയലുകളുടെ ഒപ്പം നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. വിവിധ ഏജൻസികൾക്ക് തുക കൈമാറിയ പ്രൊജക്ടുകളിൽ തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. മീറ്റിംഗ് മിനുറ്റ്സുകൾ സമയബന്ധിതമായി ക്ലോസ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.മരാമത്ത് പ്രവത്തികളുടെ ബില്ലുകൾ അനുവദിക്കുമ്പോൾ നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

12.05.2022 മുതൽ 16.05.2022 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1-4-2017 മുതൽ 30-04-2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 08.05.2026 ലെ കത്ത് നം AMG1(Hq) III/ACM-Palakkad District/2025-26/61 പ്രകാരം 3 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. 15.12.23 മുതൽ 22.12.23 വരെയുള്ള തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 01.04.22 മുതൽ 30.11.23 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 49 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-9 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനമുറി - 3 വർഷം കഴിഞ്ഞിട്ടും പദ്ധതി പൂർത്തീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2023-24, 2024-25 വർഷങ്ങളിൽ ആരംഭിച്ച പദ്ധതികളുടെ സ്പിൽ ഓവർ പദ്ധതികൾ പട്ടികവർഗ്ഗ വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം

നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങളും നാളിതു വരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങളു താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പദ്ധതി ആരംഭിച്ച വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് | പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡുവും കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 199/26 (S.O) | 2023-24 | 10 | 310000 (വികസനഫണ്ട് ടി.എസ്.പി) | **250000** *(ബിൽ നം-6/16.08.25-220000, 10/06.01.26-30000 )* | 6 |
| 2 | 220/26 (S.O) | 2024-25 | 20 | 2140000 (വികസനഫണ്ട് ടി.എസ്.പി) | **1640000** *(ബിൽ നം -1/24.06.25-* ***60,000,*** *2/24.06.25-* ***640000,*** *3/24.06.25-****30,000,*** *4/24.06.25-* ***160000,*** *5/31.07.25-* ***140000,*** *7/27.10.25-* ***400000,*** *8/26.11.25-****30,000,*** *9/28.11.25-****60,000,*** *11/10.02.26-* ***30,000,*** *12/06.03.26-* ***30,000,*** *13/06.03.26-* ***60,000*** | 4 |

സ.ഉ (സാധാ) നം 881/2025/ ത.സ്വ.ഭ.വ തിയ്യതി 01.04.25 പ്രകാരം സ്റ്റേജ്-1-30,000-എഗ്രിമെന്റ് വച്ച് മുൻകൂർ, സ്റ്റേജ്-2-60,000- തറ പൂർത്തിയാക്കുമ്പോൾ, സ്റ്റേജ്-3- 80,000 -മേൽക്കൂര പൂർത്തിയാകുമ്പോൾ, സ്റ്റേജ്-4-30,000- പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷ് തുടങ്ങിയവ പൂർത്തിയാകുമ്പോൾ എന്നിങ്ങനെയാണ് പഠനമുറി നിർമ്മാണത്തിനായി തുക അനുവദിക്കേണ്ട വിവിധ ഘട്ടങ്ങൾ.

2023-24, 2024-25 വർഷങ്ങളിൽ ആരംഭിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചു കൊണ്ട് 2025-26 ൽ സ്പിൽ ഓവർ ആക്കിയെങ്കിലും 2023-24 ലെ 10 ഗുണഭോക്താക്കളിൽ 6 പേരുടെയും 2024-25 ലെ 20 ഗുണഭോക്താക്കളിൽ 4 പേരുടെയും പഠനമുറി നിർമ്മാണം മാത്രമാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നം 08/27.07.26 പ്രകാരം ഈ വിവരം പട്ടികവർഗ്ഗ വികസന ഓഫീസറുടെ ശ്രദ്ധയിൽ കൊണ്ടു വന്നതിനു വിശദമായ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1)** 2023-24 ൽ പഠനമുറി നിർമ്മാണം ആരംഭിച്ച് നിലവിൽ പൂർത്തീകരിക്കാനവശേഷിക്കുന്ന 4 പേരും ആദ്യത്തെ 3 ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. പ്ലാസ്റ്ററിംഗ്, വൈറ്റ് വാഷ് എന്നിവ പൂർത്തിയാക്കി അവസാന ഗഡു വാങ്ങിയിട്ടില്ല. മെയിൻ വാർപ്പിന് ശേഷമുള്ള ഫിനിഷിംഗ് വർക്കുകൾ പൂർത്തിയാക്കാത്തത് മൂലമാണ് അവസാനഗഡു നൽകാൻ കഴിയാത്തത് എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

2) 2024-25 ൽ ആരംഭിച്ച പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ കൈപ്പറ്റിയ ഗഡു | അവസാന ഗഡു കൈപ്പറ്റിയ തിയ്യതി | പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | വർഷ C/0 മുരുകേശൻ | 170000 | 24.06.25 | ജനൽ പാളികൾ, വാതിൽ, വൈറ്റ് വാഷ്, വയറിംഗ് എന്നിവ പൂർത്തീകരിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| 2 | പ്രവീൺ C/0 സെന്തിൽ കുമാർ | 170000 | 24.06.25 | മെയിൻ വാർപ്പ് മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ, ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| 3 | പ്രകാശ് C/0 മാരിയപ്പൻ | 170000 | 28.03.24 | ജനൽ പാളികൾ, വാതിൽ, വൈറ്റ് വാഷ്, വയറിംഗ് എന്നിവ പൂർത്തീകരിച്ചിട്ടില്ല. |
| 4 | ആജിൽ C/0 രമേഷ് | 90000 | 25.03.25 | മെയിൻ വാർപ്പ് മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ, ശേഷിക്കുന്ന പ്രവൃത്തികൾ ഉണ്ട്. |
| 5 | ശരണ്യ C/0 ചെമ്പകം | 170000 | 31.07.25 | പൂർത്തീകരിച്ചു, അവസാനഗഡുവിന് വേണ്ടി സ്റ്റേജ് ഫോം ലഭ്യമാക്കിയിട്ടുണ്ട്. |
| 6 | രജനി , C/0 തങ്കവേലു | 170000 | 27.10.25 | മെയിൻ വാർപ്പ് മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ, ശേഷിക്കുന്ന പ്രവൃത്തികൾ ഉണ്ട്. |
| 7 | സുജിത C/0 സുന്ദരൻ | 90000 | 24.08.25 | തറ കെട്ടി ബെൽറ്റ് വാർപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | സന്ദീപ് C/0 ശക്തിവേൽ | 90000 | 31.07.25 | ലിന്റൽ വാർപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഗഡുവിന് വേണ്ടി സ്റ്റേജ് ഫോം ലഭ്യമാക്കിയിട്ടുണ്ട്. |
| 9 | ദിനേഷ് C/0 ലക്ഷ്മി | 90000 | 31.07.25 | ചുമർ കെട്ടി ലിന്റൽ വരെ പൂർത്തീകരിച്ചു. |
| 10 | മനു C/0മണി | 90000 | 31.07.25 | ബെൽറ്റ് വാർത്തിട്ടുണ്ട്. രണ്ടാമത്തെ ഗഡു അനുവദിച്ചതിൽ നിന്ന് ഒരു പണിയും ചെയ്തിട്ടില്ല. |
| 11 | ഹരിപ്രിയ C/0 മണികണ്ഠൻ | 170000 | 27.10.25 | ലിന്റൽ വരെ പൂർത്തീകരിച്ചു, മറ്റ് പണികൾ ചെയ്തിട്ടില്ല. |
| 12 | ദീപിക C/0 സോമസുന്ദരം | 30000 | 14.03.25 | തറ കെട്ടി ബെൽറ്റ് വാർപ്പ് പൂർത്തീകരിച്ചു. മറ്റ് പണികൾ ഒന്നും നടന്നിട്ടില്ല. |
| 13 | ലക്ഷ്മി C/0ലതീഷ് | 30000 | 14.03.25 | ലിന്റൽ വരെ പൂർത്തീകരിച്ചു, അടുത്ത ഗഡുവിന് വേണ്ടി സ്റ്റേജ് ഫോം ലഭ്യമാക്കി. |
| 14 | വിഷ്ണു C/0ഈശ്വരൻ | 170000 | 27.10.25 | ലിന്റൽ വരെ പൂർത്തീകരിച്ചു. |
| 15 | കാർത്തിക C/0 രഞ്ജിത | 30000 | 14.03.25 | പണി തുടങ്ങിയിട്ടില്ല. |
| 16 | ധനോജ് C/0ചന്ദ്രൻ | 30000 | 14.03.25 | പണി തുടങ്ങിയിട്ടില്ല. |

ക്രമ നം 15,16 പ്രകാരമുള്ള ഗുണഭോക്താക്കൾ മുൻകൂർ ആയി 30000 രൂപ 14.03.2025 ൽ കൈപ്പറ്റിയിട്ടുണ്ടെങ്കിലും തുടർ നിർമ്മാണം നടത്തിയിട്ടില്ല . ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ടും അല്ലാതെയും കൃത്യമായി നിരീക്ഷണം നടത്തി പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുള്ളതായും അറിയിച്ചു. എന്നാൽ ഗുണഭോക്താക്കളിൽ പലരും അവർക്ക് അനുവദിക്കുന്ന തുകയിൽ നിന്നും പണമെടുത്ത് അസുഖബാധിതരായ കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും ചെറുകിട ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള ലോൺ തിരിച്ചടവിനും മറ്റുമായും ഉപയോഗിച്ച് പഠനമുറി നിർമ്മാണം മാസങ്ങളോളം

വൈകിപ്പിക്കുന്ന സ്ഥിതി നിലവിലുള്ളതായും മോണിറ്ററിംഗ് അഭാവത്തേക്കാൾ തുക വിനിയോഗിക്കുന്നിടത്തുള്ള പോരായ്മകൾ ആണുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

**ഓഡിറ്റ് നിർദ്ദേശം**

വിദ്യാർത്ഥികളുടെ പഠനകാലയളവിൽ തന്നെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിപരീതമാണ് എന്നതിനാൽ ഈ വിഷയത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വികസനം വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാവേണ്ടതും എത്രയും വേഗം എല്ലാ ഗുണഭോക്താക്കളുടെയും പഠനമുറി നിർമ്മാണം പൂർത്തീകരിക്കേണ്ടതും തുടർ നടപടികളുടെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

**1-10 വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ പരിശീലനവും വിതരണവും - ഭൗതിക പരിശോധനയിൽ സ്റ്റോക്കിലെടുത്ത വാദ്യോപകരണങ്ങളിൽ കുറവ്**

പട്ടികജാതി വികസന ഓഫീസർ 2024-25 ൽ ആവിഷ്കരിച്ച് 2025-26 ൽ തുടർ നടപടികൾ സ്വീകരിച്ച "വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങൾ പരിശീലനവും വിതരണവും" (പ്രൊജക്റ്റ് നമ്പർ 198/2026) എന്ന പദ്ധതി വികസന ഫണ്ട് (എസ്.സി.പി) ഇനത്തിൽ 5,00,000 രൂപ അടങ്കൽ തുകയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 3,82,000 രൂപ 11 ബില്ലുകളിലായി ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി.

ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം & തീയതി | തുക |
|---|---|---|
| 1 | 1/12-06-2025 | 318000 |
| 2 | 4/18-07-2025 | 6000 |
| 3 | 6/11-08-2025 | 6000 |
| 4 | 9/11-09-2025 | 6000 |
| 5 | 11/07-10-2025 | 6000 |
| 6 | 14/14-11-2025 | 6000 |
| 7 | 18/17-12-2025 | 6000 |
| 8 | 21/21-01-2026 | 6000 |
| 9 | 25/20-02-2026 | 6000 |
| 10 | 26/26-02-2026 | 10000 |
| 11 | 30/09-03-2026 | 6000 |
| | **ആകെ** | **382000** |

ടെണ്ടർ നടപടിക്രമങ്ങളിലൂടെ വയനാട് കൽപ്പറ്റയിലുള്ള സുവർണരാഗം മ്യൂസിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 3,18,000 രൂപ ചെലവഴിച്ച് (ഇൻവോയ്സ് നമ്പർ. 052/25-26, തീയതി 27-05-2025) 20 ഇടംതല ചെണ്ടകൾ വാങ്ങുകയും, കൊല്ലങ്കോട് ഗവ. പ്രീമെട്രിക് ഹോസ്റ്റലിലെ താൽപ്പര്യമുള്ള 20 കുട്ടികൾക്ക് പരിശീലനം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലകന് പ്രതിമാസം 6,000 രൂപ വീതം ഹോണറേറിയം നൽകുന്നതിനും, ചെണ്ട റിപ്പയറിംഗിനായി 10,000 രൂപ (ബിൽ നമ്പർ 26/26-02-2026) നൽകുന്നതിനുമാണ് ബാക്കി തുക ചെലവഴിച്ചിട്ടുള്ളത്. 07/2025 മുതൽ 02/2026 മാസങ്ങളിലാണ്

വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുള്ളത്. 20 വിദ്യാർത്ഥികൾക്ക് മേള പരിശീലനം പൂർത്തിയാക്കിയതിന്റെ സമാപന ചടങ്ങ് 05-03-2026 – ന് നടത്തിയിട്ടുള്ളതായും രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

പദ്ധതി പ്രകാരം വാങ്ങിയ വാദ്യോപകരണങ്ങൾ പ്രീ മെട്രിക് ഹോസ്റ്റലിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നമ്പർ 9) 20 എണ്ണം ഇടംതല ചെണ്ട (പ്ലാവിന്റെ കാതൽ, കുറ്റി 9¼", സൈഡ് 20" ഉയരം), 2 വട്ടക്കണ്ണി (ബ്രാസ്), കെട്ടുവാറുകൾ, തോൾക്കച്ച, ചെണ്ട ബാഗ്, ചെണ്ടക്കോലുകൾ (20 സെറ്റ്) എന്നിങ്ങനെ 05-06-2025 തീയതിയിൽ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തി ഹോസ്റ്റൽ വാർഡൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 29-07-2026 ന് ഓഡിറ്റ് സംഘം ഹോസ്റ്റൽ സന്ദർശിച്ച് വാദ്യോപകരണങ്ങളുടെ ഭൗതിക പരിശോധന നടത്തിയപ്പോൾ ഒരു ചെണ്ട, 4 സെറ്റ് ചെണ്ടക്കോലുകൾ, 20 സെറ്റ് തോൾക്കച്ചകൾ എന്നിവ സ്റ്റോക്കിലെടുത്തതിൽ നിന്നും കുറവുള്ളതായി ബോധ്യപ്പെട്ടു. തെരഞ്ഞെടുത്ത കുട്ടികളുടെ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും നിലവിൽ തുടർ പരിശീലനപരിപാടികൾ ആരംഭിച്ചിട്ടില്ല. സ്റ്റോക്കിൽ എടുത്ത വാദ്യോപകരണങ്ങളിൽ കുറവ് ദൃശ്യമായതുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/29-07-2026 ന് പ്രീ മെട്രിക് ഹോസ്റ്റൽ വാർഡന്റെ വിശദീകരണം പട്ടികജാതി വികസന ഓഫീസർ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയുടെ ചുരുക്കം താഴെ ചേർക്കുന്നു.

'ഹോസ്റ്റലിലെ രണ്ടാം നിലയിലെ നാലാം നമ്പർ മുറിയിലാണ് സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ ആകെ 20 ചെണ്ടകളിൽ ഒരെണ്ണം ആശാൻ കുട്ടികളെ കല്ലിൽ കൊട്ടി പഠിപ്പിക്കുമ്പോൾ താളമിടാനായി ഉപയോഗിച്ചിരുന്നതാണ്. ആ ഒരു ചെണ്ട മാത്രം വാർഡന്റ് മുറിയിലാണ് സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ ഓഡിറ്റ് അന്വേഷണത്തിൽ പറഞ്ഞ നാലുകോലുകളും ക്ഷുദ്രജീവികൾ നശിപ്പിക്കാതിരിക്കാൻ (തുണി) തോൽകച്ചകളും അവിടെത്തന്നെയാണ് ഭദ്രമായി സൂക്ഷിച്ചിരുന്നത്.

27/07/2026 മുതൽ 29/07/2026 വരെയുള്ള തിയ്യതികളിൽ പട്ടികജാതി വികസന വകുപ്പ് കോഴിക്കോട് ഐ എം ജിയിൽ വച്ചു സംഘടിപ്പിച്ച വാർഡന്മാർക്കും ന്യൂ വാർഡ്മാർക്കുമുള്ള ഓറിയന്റേഷൻ ട്രെയിനിങ്ങിൽ പങ്കെടുക്കുവാൻ പോയിരുന്നതിനാൽ ഹോസ്റ്റലിൽ പരിശോധനക്ക് എത്തിയ ഓഡിറ്റ് ഓഫീസർക്ക് മുന്നിൽ ഒരു ചെണ്ടയുടെയും അനുബന്ധസാമഗ്രികളുടെയും നിജസ്ഥിതി ബോധിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.'



**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) ചെണ്ടകൾ സൂക്ഷിച്ച അതേമുറിയിൽ നിന്നും സുരക്ഷയ്ക്കായി അനുബന്ധ സാമഗ്രികളും ഒരു ചെണ്ടയും മാറ്റി സൂക്ഷിച്ചു എന്നത് പൂർണമായും അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ തുടരന്വേഷണം നടത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ ഒരു ചെണ്ടയുടെ വിലയായ 15,900രൂപ (3,18,000/20) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) വാദ്യോപകരണങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പരിശീലന വേളയിൽ വിതരണം/ഉപയോഗം സംബന്ധിച്ച് വ്യക്തത വരുത്തി രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

3) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം ഉറപ്പ് വരുത്തുന്നതിന് തുടർ വർഷങ്ങളിൽ പുതിയ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനായി വാദ്യോപകരണങ്ങൾ

ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയില്ല

2025-26 വർഷം ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ |
|---|---|---|
| 1 | 133/2026, വനിത തൊഴിൽ സംരംഭം സബ്സിഡി നൽകൽ എസ്.സി.പി | 1400000 (എസ്.സി.പി) 466667 (മറ്റുള്ളവ) ആകെ 1866667 |

സാമ്പത്തിക വർഷത്തെ ബജറ്റിൽ ₹1866667 വകയിരുത്തി വാർഷിക പദ്ധതി ആവിഷ്കരിച്ചിട്ടും വനിത തൊഴിൽ സംരംഭം സബ്സിഡി നൽകൽ പദ്ധതി നടപ്പാക്കാത്തതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.02/22.07.2026) ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാതിരുന്നതിനാലാണ് പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതിരുന്നതെന്നാണ് നിർവ്വഹണോദ്യാഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (19.04.2022 ലെ സ.ഉ(കൈ) നം.84/2022/LSGD ഉത്തരവ്) ഖണ്ഡിക 12.3 പ്രകാരം ഗ്രാമസഭകൾ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
പ്രായോഗികത വിലയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുന്നതിനും പദ്ധതി തുക ചെലവഴിക്കാതെ ലാപ്സായി പോകാതെ തൻവർഷങ്ങളിൽ ആയത് നടപ്പിലാക്കുന്നതിനും തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 പഠനമുറി നിർമ്മാണം ധനസഹായം (New Project) - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. - 137/2026

അടങ്കൽ -800000 (വികസന ഫണ്ട്- എസ്.സി.പി)

ചെലവ് -90000

ബിൽ നമ്പർ/തിയ്യതി - 31/17-03-2026

പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടനുബന്ധിച്ച് സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിച്ചു നൽകുവാൻ 2 ലക്ഷം രൂപ ധനസഹായ തുക അനുവദിക്കുന്നതാണ് പ്രോജക്ട്. 2025-26 വർഷത്തിൽ മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനയഹായം അനുവദിച്ചിട്ടിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | 2025-26 ൽ അനുവദിച്ച തുക | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | രോഷ്ണ എസ്, D/O സുരേഷ് കെ, നവക്കോട്, കൊടുവായൂർ | 30000 | 170000 |
| 2 | കാർത്തിക് കെ, S/O കുഞ്ചു, നെന്മേനി, കൊല്ലങ്കോട് | 30000 | 170000 |
| 3 | ആദർശ് ആർ, S/O രാജൻ എ, വടക്കേക്കാട്, | 30000 | 170000 |

| | പട്ടഞ്ചേരി | | |
|---|---|---|---|

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ പുരോഗതി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.9/27-7-26) മറുപടിയിൽ ഒന്നാം ഗഡു നൽകിയ 3 ഗുണഭോക്താക്കളും നിശ്ചിതഘട്ടം പണി പൂർത്തീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തന്നെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ പ്രയോജനം ഉറപ്പാക്കുന്ന തരത്തിൽ നിർമ്മാണം എത്രയും പെട്ടെന്ന് തുടർനടപടികൾ സ്വീകരിച്ച് പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13-1 ആനുകൂല്യം അന്തിമ ഗുണഭോക്താവിനു ലഭ്യമായോ എന്ന് ഉറപ്പാക്കിയില്ല

പ്രോജക്റ്റ് നം.216/2026 പ്രകാരമുള്ള മേൽ പട്ടികയിലെ ക്രമ നം. 2 ലെ ഗുണഭോക്താവിന് (സുമിഷ മുരുകേശൻ, മതിലകം, കരിപ്പോട്) ട്രഷറി ബിൽ നം.7/11-8-2025 പ്രകാരം മൂന്നാം ഗഡു 80000രൂപയും ക്രമ നം.4 ലെ ഗുണഭോക്താവിന് (ത്രിബിൻ ചന്ദ്, S/Oചന്ദ്രൻ, പട്ടഞ്ചേരി) ബിൽ നം.12/18-10-2025 പ്രകാരം 30000രൂപയും അനുവദിച്ചെങ്കിലും ബില്ല് ട്രഷറിയിൽ നിന്നും പാസ്സായിട്ടും ഗുണഭോക്താക്കൾക്ക് ക്രെഡിറ്റ് ആവാതെ മടങ്ങി വരികയും തുക സർക്കാരിലേയ്ക്ക് തിരികെ പോവുകയും ചെയ്തിട്ടുള്ളതായി രേഖകളുടെ പരിശോധനയിൽ (കൊല്ലങ്കോട് സബ്ട്രഷറി ഓഫീസറുടെ 10-02-2026 തീയതിയിലെ സാക്ഷ്യപത്രം) ബോധ്യപ്പെട്ടു. നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ കൃത്യമായി രേഖപ്പെടുത്താത്തതു കൊണ്ടും സമർപ്പിക്കപ്പെട്ട ബില്ലുകളുടെ ട്രഷറിയിലെ നിജസ്ഥിതി അന്വേഷിച്ച് പിശക് പരിഹരിക്കാത്തതുകൊണ്ടുമാണ് തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ പോകാതെ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ പോകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട് വിശദീകരണം ലഭ്യമാക്കുന്നതിനും സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.9/27-07-2026 ന്റെ മറുപടിയിൽ 'ബില്ലുകൾ മാറിയ വിവരം പ്രൊമോട്ടർ ഗുണഭോക്താക്കളെ അറിയിച്ചിരുന്നെങ്കിലും തുക ക്രെഡിറ്റ് ആവാത്തത് ഗുണഭോക്താക്കൾ അറിയിച്ചത് ഒരു മാസത്തിന് ശേഷമാണ് എന്നതാണ് '. അറിയിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന്/ സ്ഥാപനത്തിന് അർഹതപ്പെട്ട തുക ട്രഷറി വഴി നൽകുമ്പോൾ ഗുണഭോക്താവിന്റെ അക്കൗണ്ടിലെ പിശക് അടക്കം വിവിധ കാരണങ്ങളാൽ ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബിൽ തുക അപൂർവ്വ അവസരങ്ങളിൽ ഗുണഭോക്താവിന്റെ/ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് പോകാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് പോകുന്ന സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് 18-02-2025 ലെ ഡിഎ1/53/2025-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. സാമ്പത്തിക ക്രയവിക്രയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ/ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പാലിക്കേണ്ടതാണ് എന്നും, ബില്ല് മാറി ഗുണഭോക്താവിന് ഇക ലഭിക്കുന്നതിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ ബിൽ സമർപ്പിച്ച് 30 ദിവസത്തിനകം തന്നെ പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ഗുണഭോക്താവ്/ സ്ഥാപനങ്ങൾക്ക് തുക നൽകുന്നതിനുള്ള ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുമ്പോൾ ഏതെങ്കിലും കാരണവശാൽ ഗുണഭോക്താവിന്റെ /സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വരാതെ സർക്കാരിന്റെ സോഴ്സ് ഹെഡിലേയ്ക്ക് തുക വരവ് വച്ചാൽ ഇതിന് പകരമായി ഗുണഭോക്താവിന്/ സ്ഥാപനത്തിന് അർഹതപ്പെട്ട വിഹിതം അതത് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് നൽകുന്നതിനുള്ള അനുമതി നൽകുന്ന വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ തീരുമാനമെടുക്കാവുന്നതാണ്. എന്ന് 21-07-2025 – ലെ ഡിഎ1/271/2025-തസ്വഭവ പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട് എന്നതിനാൽ നിർവഹണോദ്യോഗസ്ഥന്റെ മറുപടി പൂർണമായും അംഗീകരിക്കാവുന്നതല്ല.

പട്ടികജാതി വികസന ഓഫീസറുടെ 11-02-2026 – ലെ കത്ത് നം.ബി.പി.കെ 589/25 പ്രകാരം ഫിനാൻസ് ഓഫീസർ, LSGD ഫിനാൻസ് സെക്ഷന് മേൽ വിഷയവുമായി ബന്ധപ്പെട്ട് കത്തയച്ചിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും മറ്റ് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മേൽ സർക്കുലറുകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട മുഴുവൻ ഗഡുക്കളും ഉറപ്പു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഠനമുറി ധനസഹായം - 3 വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. - 216/2026 (SO)

അടങ്കൽ - 1610000 (വികസന ഫണ്ട്- എസ്.സി.പി)

ചെലവ് - 1180000

പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം & തീയതി | തുക |
|---|---|---|
| 1 | 7/11-8-2025 | 350000 |
| 2 | 12/18-10-2025 | 240000 |
| 3 | 19/9-1-2026 | 30000 |
| 4 | 22/24-1-2026 | 200000 |
| 5 | 24/17-2-2026 | 240000 |
| 6 | 32/17-3-2026 | 90000 |
| 7 | 34/21-3-2026 | 30000 |
| | ആകെ | 1180000 |

2023-24, 2024-25 സാമ്പത്തിക വർഷത്തിൽ പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം ഭാഗികമായി അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കാണ് തൻവർഷത്തെ സ്പിൽ ഓവർ പ്രോജക്ടിൽ പഠനമുറി പൂർത്തീകരിക്കുന്നതിനുള്ള തുടർ ഗഡുക്കൾ അനുവദിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെയായും നിർമ്മാണം പൂർത്തീകരിക്കുകയോ/അവസാന ഗഡു നൽകി പൂർത്തീകരണവിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതോ ആയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | 2023-24ൽ അനുവദിച്ച തുക | 2024-25ൽ അനുവദിച്ച തുക | 2025-26 ൽ അനുവദിച്ച തുക | നൽകാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | ശ്വേത ശിവൻ, പൊരിച്ചോളം, നെന്മേനി. | 50000 | 120000 | - | 30000 |
| 2 | സുമിഷ മുരുകേശൻ, മതിലകം, കരിപ്പോട്. | 50000 | 40000 | - | 110000 |
| 3 | ഷിരൺ, S/O.രാമൻ, പെരുവെമ്പ് | 50000 | 40000 | 80000 | 30000 |
| 4 | ത്രിബിൻ ചന്ദ്, S/Oചന്ദ്രൻ, പട്ടഞ്ചേരി | 50000 | 120000 | - | 30000 |
| 5 | അർച്ചന D/0 കുമാരൻ | 50000 | 120000 | - | 30000 |
| 6 | അരുൺ, S/0ചന്ദ്രൻ, മുതലമട | 50000 | 40000 | - | 110000 |
| 7 | കാവ്യ, D/0 കണ്ണപ്പൻ, മുതലമട | 50000 | 120000 | - | 30000 |
| 8 | വിഷ്ണു S/0സുരേഷ്, വടവന്നൂർ | 50000 | 120000 | - | 30000 |
| 9 | ആകാശ്, S/Oരാജൻ, മുതലമട | 50000 | 120000 | - | 30000 |

| | | | | | |
|---|---|---|---|---|---|
| 10 | നിമിഷ, D/0ഗിരീഷ്, വെട്ടുംപുള്ളി | 50000 | 120000 | - | 30000 |
| 11 | അഭിജിത്ത്, S/0 ചന്ദ്രൻ, പയലൂർ | 50000 | 40000 | 80000 | 30000 |
| 12 | മഹേഷ്, S/0മാധവൻകുട്ടി, വടവന്നൂർ | 50000 | 120000 | - | 30000 |
| 13 | മൃദുല, D/0രാജൻ, നെന്മേനി | 50000 | 120000 | - | 30000 |
| 14 | സുലക്ഷണ ദാസ്, D/0ശിവദാസ്,കൊടുവായൂർ | 50000 | 40000 | - | 110000 |
| 15 | ശിവാനി, D/0നാരായണൻ, ഊട്ടറ | 50000 | 120000 | - | 30000 |
| 16 | അഭിനന്ദ് രാധാകൃഷ്ണൻ, മലയമ്പള്ളം, വടവന്നൂർ | 50000 | 40000 | - | 110000 |
| 17 | അനീഷ കൃഷ്ണൻ, തൊട്ടിയത്തറ, മുതലമട | 50000 | 40000 | 80000 | 30000 |
| 18 | രേഖ, D/0 കുഞ്ചു, പയലൂർ | 50000 | 40000 | 80000 | 30000 |
| 19 | ശ്രീശാന്ത് ആറു, മുല്ലയ്ക്കൽകുളമ്പ്, വടവന്നൂർ | 50000 | 40000 | 80000 | 30000 |
| 20 | മനു ആദിത്യൻ, S/O.മണികണ്ഠൻ, മുതലമട | 50000 | 40000 | 80000 | 30000 |
| 21 | അപർണ്ണദാസ്, D/Oശിവദാസൻ, മുതലമട | 50000 | 40000 | 80000 | 30000 |

മൂന്ന് സാമ്പത്തിക വർഷം പിന്നിട്ടിട്ടും നിർമ്മാണം പൂർത്തീകരിക്കുകയോ മുഴുവൻ തുകയും അനുവദിക്കുകയോ ചെയ്തിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.9/27-07-2026 ന്റെ മറുപടിയിൽ, മേൽ 21 ഗുണഭോക്താക്കളിൽ 17 ഗുണഭോക്താക്കളുടെ മെയിൻ വാർപ്പ് കഴിഞ്ഞിട്ടുണ്ട്. മുഴുവൻ പണിയും പൂർത്തിയാകുന്ന മുറയ്ക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. ക്രമ നം.2, 6 14, 16 എന്നീ ഗുണഭോക്താക്കളെ ഫോൺ മുഖേനയും എസ്.സി പ്രൊമോട്ടർ, അക്രെഡിറ്റഡ് എഞ്ചിനീയർ എന്നിവർ മുഖേനയും നിരവധി തവണ ബന്ധപ്പെട്ട് പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്.

**ഓഡിറ്റ് നിർദ്ദേശം**

3 സാമ്പത്തിക വർഷങ്ങൾ പിന്നിട്ടിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നതിനാൽ പദ്ധതിയുടെ ഉദ്ദേശ്യം യഥാസമയം ഗുണഭോക്താക്കൾക്ക് ഉറപ്പാക്കാൻ കഴിഞ്ഞില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ വിഷയത്തിൽ നിരന്തരമായ മോണിറ്ററിംഗ് നടത്തി പഠനമുറി നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി പദ്ധതിലക്ഷ്യം ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പു വരുത്തിയിട്ടില്ല

1. പ്രൊജക്ട് നം 144/26

കൊടുവായൂർ മുത്തൻകാട് കുടിവെള്ളപദ്ധതി

അടങ്കൽ- 10,00,000 ( ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ് - 551935

1. XVFC/25-26/ P/21/24.10.25- 151935

2. XVFC/25-26/ P/29/21.02.26- 400000

കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 18 മുത്തൻകാട് എന്ന സ്ഥലത്ത് 6" കുഴൽ കിണർ നിർമ്മിച്ച് തുടർ പ്രവൃത്തികൾ നടപ്പാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. നോഡൽ ഏഡൻസിയായ ഭൂജലവകുപ്പ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ഫീസിബിലിറ്റി

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുഴൽ കിണർ കുഴിക്കുന്നതിനുള്ള തുകയും വെള്ളം കണ്ട സാഹചര്യത്തിൽ തുടർ പ്രവൃത്തികൾക്കായി 400000 രൂപയും ഭൂജലവകുപ്പിന് കൈമാറിയിട്ടുണ്ട്. 24.02.2026 ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഭൂജലവകുപ്പ് ജില്ലാ ഓഫീസറുമായി ചേർന്ന് ഒപ്പു വെച്ച കരാർ ഉടമ്പടി പ്രകാരം 2026 ഓഗസ്റ്റ് 31 നാണ് പദ്ധതി പൂർത്തീകരിക്കേണ്ട അവസാന തിയ്യതി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 10/28.07.26 ന് മറുപടിയായി പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതായി അറിയിച്ചു. നൽകിയ തുകയുടെ വിനിയോഗ വിവരം ഉറപ്പാക്കേണ്ടതും തുക ബാക്കി നിൽക്കുന്നുണ്ടെങ്കിൽ ആയത് ഭൂജല വകുപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. പ്രൊജക്ട് നം 10/26

കൊടുവായൂർ തേവർപ്പാടം കുടിവെള്ള പദ്ധതി

അടങ്കൽ- 10,00,000 ( ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ് - 151935

(1. XVFC/25-26/ P/20/24.10.25- 151935 )

ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 09.10.2025 ലെ നം ജി.ഡബ്ല്യു. പി.കെ 2172/D/2025 പ്രകാരമുള്ള ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിന് തുക നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കായി നിശ്ചയിച്ച സ്ഥലത്ത് കുടിവെള്ള ലഭ്യത കുറവാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് സ്ഥാനം പുനർനിർണ്ണയിക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി ഓഡിറ്റ് അന്വേഷണത്തിന്
(നം 10/28.07.26) മറുപടിയായി അറിയിച്ചു.

കുഴൽ കിണർ നിർമ്മാണം പരാജയപ്പെടുന്ന സാഹചര്യമുണ്ടെങ്കിൽ ബഹു. സുപ്രീം കോടതി വിധിന്യായം WP(C) 36/2009 പ്രകാരം പരാജയപ്പെടുന്ന കിണറുകളിലെ അപകടസാധ്യത കണക്കിലെടുത്ത് അവ മൂടേണ്ടതാകുന്നു എന്ന് 09.10.2025 ലെ ഫീസിബിലിറ്റി റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ സ്ഥിതി വിവരം മോണിറ്റർ ചെയ്യേണ്ടതും തുടർ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-15 പി.എം.എ.വൈ, പി.എം ജന്മൻ പദ്ധതികൾ പ്രകാരമുള്ള ഭവനനിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നു

**പി.എം.എ.വൈ പദ്ധതി 2021-22**

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 പഞ്ചായത്തുകളിൽ നിന്നായി ആകെ 28 ഗുണഭോക്താക്കൾക്കാണ് 2021-22 വർഷത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇവരിൽ 12 പേർ മാത്രമാണ് നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 16 ഗുണഭോക്താക്കൾ 2021-22 വർഷം വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിനെത്തുടർന്ന് കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്കായി നോട്ടീസ് നൽകിയ സ്ഥിതിയിലാണുള്ളത്. തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്തിന്റെ പേര് | ആകെ കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി | തുടർനടപടി സ്വീകരിച്ച വിവരം |
|---|---|---|---|---|---|
| 1 | വത്സല | കൊല്ലങ്കോട് | 280000 | റൂഫ് | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 2 | ചന്ദ്രിക( പൊന്നുക്കുട്ടി) | കൊല്ലങ്കോട് | 48000 | - | R R Procedure. ആരംഭിച്ചു. |

| | | | | | |
|---|---|---|---|---|---|
| 3 | കൗസല്യ | മുതലമട | 135000 | ലിന്റൽ | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 4 | മുത്തുസ്വാമി | മുതലമട | 113000 | ബേസ്മെന്റ് | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 5 | കുമാരൻ | മുതലമട | 280000 | റൂഫ് | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 6 | ജ്യോതി | മുതലമട | 210000 | ലിന്റൽ | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. |
| 7 | ലത | മുതലമട | 280000 | റൂഫ് | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 8 | ഷീബ | മുതലമട | 280000 | റൂഫ് | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 10 | രാധാമണി | മുതലമട | 182000 | ലിന്റൽ | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 11 | കാർത്യായനി | മുതലമട | 280000 | റൂഫ് | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 12 | രാജമ്മ | കൊല്ലങ്കോട് | 182000 | ലിന്റൽ | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 13 | കുഞ്ചിദേവി | പട്ടഞ്ചേര് | 108000 | ലിന്റൽ | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. Request For CSR Fund. |
| 14 | റസിയ മുസ്തഫ | പുതുനഗരം | 48000 | - | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു. |
| 15 | ഹസീന | പുതുനഗരം | 168000 | റൂഫ് | Request For CSR Fund. |
| 16 | ഈശ്വരമൂർത്തി | മുതലമട | 50000 | - | RR Procedure.ന് മുന്നോടിയായി നോട്ടീസ് ഇഷ്യൂ ചെയ്തു |

**ഓഡിറ്റ് നിർദ്ദേശം**

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ യഥാർത്ഥ സ്ഥിതി നേരിൽ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**പി.എം.എ വൈ പദ്ധതി 2024-25**

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 പഞ്ചായത്തുകളിൽ നിന്നായി ജനറൽ , എസ്.സി വിഭാഗങ്ങൾക്കായി ആകെ 647 ഗുണഭോക്താക്കൾക്ക് ഭവനനനിർമ്മാണത്തിനായി ധനസഹായം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ 584 പേർ രജിസ്റ്റർ ചെയ്യുകയും 566 പേർക്ക് ജിയോടാഗ് ലഭ്യമാവുകയും ചെയ്തു. തൻവർഷം കേന്ദ്രഫണ്ട് ലഭ്യമായിട്ടില്ല. കേന്ദ്രഫണ്ട് മുൻ ബാലൻസിൽ നിന്നും 9666000 രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് വിഹിതമായി 7455000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 6891000 രൂപയും ലഭ്യമായിട്ടുള്ളത് നേരിട്ട് ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്. 63 ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2 ഗുണഭോക്താക്കൾ തുക കൈപ്പറ്റിയത് തിരികെ അടവാക്കിയിട്ടുണ്ട്. പദ്ധതി മോണിറ്ററിംഗ് കർശനമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ബേസ്മെന്റ് സ്റ്റേജിൽ നിൽക്കുന്ന പലർക്കും പി.എഫ്.എം.എസ് ഇഷ്യൂ മൂലം ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആകാത്ത പ്രശ്നം നിലനിൽക്കുന്നുണ്ട്. ആയത് പരിശോധിച്ച് പരിഹരിച്ചു കൊണ്ടിരിക്കുകയാണ് എന്ന് ജോയിന്റ് ബി.ഡി.ഒ ഹൗസിംഗ് അറിയിച്ചു.

**പി.എം ജൻമൻ പദ്ധതി**

മുതലമട ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കളാണ് പദ്ധതിയിൽ അംഗമായുള്ളത്. 26 പേർ രജിസ്റ്റർ ചെയ്തതിൽ 21 പേർക്കാണ് അനുമതി ലഭ്യമായിട്ടുള്ളത്. ഭവനനിർമ്മാണം ആരംഭിച്ചത് 11 പേർ മാത്രമാണ്. പ്രത്യേക പരിഗണന നൽകി മോണിറ്ററിംഗ് നടത്തി ഈ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 കരാർ ചമയ്ക്കുന്നതിൽ കാലതാമസം- നിയമാനുസൃത പിഴ ഈടാക്കിയില്ല.

| | |
|---|---|
| പ്രവൃത്തി | കൊല്ലങ്കോട് എസ്സ്.സി പ്രീമെട്രിക് ഹോസ്റ്റൽ മെയിന്റനൻസ് |
| ഫണ്ട് | വികസനഫണ്ട്- SCP |
| എസ്റ്റിമേറ്റ് | 17 ലക്ഷം |
| ടി.എസ് | 17 ലക്ഷം |
| ടി.എസ് നം | 7772/24/25 തി 10.03.25 |
| APAC | 1397382 |
| കോൺട്രാക്ടർ | എ.ഷാജഹാൻ |
| LOA | 30.03.25 |
| എഗ്രിമെന്റ് നം. തിയതി | 05/AEE/LSGD/KLD/25-26 തിയതി 25.04.25 |
| ബിൽ തുക | 955234/- |

G.O(Ms) 73/2013/PWD പ്രകാരമുള്ള Kerala Standard Bid Document (SBD) ലെ കരാർ ചമയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ അനുസരിച്ച് Letter Of Acceptance (LOA) ലഭിച്ച തിയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ ചമയേക്കണ്ടതാണ്. ഇത്തരത്തിൽ കാലതാമസത്തോടെ കരാർ ചമയ്ക്കുമ്പോൾ നിയമാനുസൃത വ്യവസ്ഥകൾ പ്രകാരം ബാധകമായ പിഴ ഈടാക്കിയതിനു ശേഷം മാത്രമേ കരാർ അംഗീകരിക്കാവു.

മേൽ പ്രവൃത്തിയുടെ നിർവഹണത്തിൽ Letter Of Acceptance (LOA) ലഭിച്ച തിയതിക്കുശേഷം കരാർ ചമയ്ക്കുന്നതിനായി 24 ദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്.

The Time Allowed For Executing The Agreement Without Fine Will Be 14 Working Days From The Date Of Issue Of Letter Of Acceptance (LOA) And Further Period Of 10days Time Will Be Allowed To Execute The Agreement After

Releasing A Fine Of 13974/- .This Fine Shall Be Remitted In The Front Office Of The Local Body And The Original Receipt Shall Be Submitted എന്ന് കരാർ ഉടമ്പടിയിൽ തന്നെ പരാമർശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയപ്പോൾ കരാർ ഉടമ്പടി വക്കുവാൻ ഉണ്ടായ താമസം മൂലം ഈടാക്കേണ്ടിയിരുന്ന 13974 രൂപ ഈടാക്കാതെയാണ് ബിൽ തുക നൽകിയിരിക്കുന്നത്.

മേൽപ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവർത്തി നിർവഹണം നടത്തിയതിനു വിശദീകരണം ലഭ്യമാക്കേണ്ടതും നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് പിഴ ഈടാക്കേണ്ടതുമാണ്.

(എൻക്വയറി നം- 16/03.08.26)

## 1-17 നന്ദിയോട് സി.എച്ച്.സി /കൊടുവായൂർ സി.എച്ച്.സി എക്സ്റേ റും ഇലക്ട്രിഫിക്കേഷൻ-ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്താതെ പ്രവർത്തി നിർവഹണം നടത്തി

സി.എച്ച്.സി ഇലക്ട്രിഫിക്കേഷൻ എന്ന പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറിൽ നിർബന്ധമായി പരാമർശിക്കേണ്ടിയിരുന്ന ഇൻഷൂറൻസ് സംബന്ധിയായ ക്ളോസ് ഉൾപ്പെടുത്തിയിട്ടില്ല എന്ന് കണ്ടു. കോൺട്രാക്ടർ സ്വന്തം ചെലവിൽ ഇൻഷൂറൻസ് എടുത്തതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

ഇലക്ട്രിഫിക്കേഷൻ പ്രവർത്തികളിൽ Contractors All Risk (CAR) ഇൻഷൂറൻസ് എടുത്തിട്ടില്ലെങ്കിൽ . Kerala PWD Standard Bid Document ലെ ഇൻഷൂറൻസ് Clause 12.1, 12.2 ,12.3 എന്നിവ പ്രകാരം കോൺട്രാക്ടർ സ്വന്തം ചെലവിൽ ഇൻഷൂറൻസ് എടുത്ത് ആയതിന്റെ തെളിവ് Employer നു സമർപ്പിക്കേണ്ടതാണെന്നും, എടുക്കാത്തപക്ഷം Employer ഇൻഷൂറൻസ് എടുത്ത് ആയതിന്റെ പ്രീമിയം കോൺട്രാക്ടറിൽ നിന്നും കുറവു ചെയ്ത് മറ്റ് തുടർ നടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്ഥയുണ്ട്.

പൊതു ജനസാന്നിധ്യം വളരെയധികമുള്ള സി.എച്ച്.സി പോലെ ഒരു സ്ഥലത്ത് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടക്കുമ്പോൾ ആവശ്യമായ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കിയ ശേഷമാണ് പ്രവൃത്തി ആരംഭിച്ചതെന്നോ ബിൽ തുക അനുവദിച്ചതെന്നോ തെളിയിക്കുന്ന രേഖകളും ഫയലിൽ ലഭ്യമല്ല. ബില്ലിൽ നിന്നും തുക കുറവു ചെയ്തിട്ടുമില്ല.

നിർബന്ധിതമായ ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കാതെ പ്രവൃത്തി നിർവഹിക്കാൻ അനുവദിച്ചത് SBD വ്യവസ്ഥകളുടെ ലംഘനമാണ്. ഇതുമൂലം പ്രവൃത്തി നിർവഹണത്തിനിടയിൽ അപകടം, പ്രവൃത്തിക്ക് കേടുപാടുകൾ, മൂന്നാം കക്ഷിക്ക് നഷ്ടം, തൊഴിലാളികളുടെ നഷ്ട പരിഹാര അവകാശവാദങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു സാമ്പത്തികവും നിയമപരവുമായ ബാധ്യതകൾ ഉണ്ടാവാൻ സാധ്യതയുണ്ട്.

ആയതിനാൽ SBD വ്യവസ്ഥകൾ പാലിക്കാതെ പ്രവൃത്തി നിർവഹിക്കാൻ അനുവദിച്ചതിനും വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്(എൻക്വയറി നം 15/02.08.2026 ) വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രവർത്തിയുടെ പേര്- | General Electrification Work-Renovation To The X-Ray Room,Providing Electrical Connection To The X-Ray Room And Lab Building Of CHC Koduvayur Under Kollengode Block Panchayath |
| നിർവഹണം- | അസി.എക്സി.എഞ്ചിനീയർ |
| കോൺട്രാക്ടർ- | മുഹമ്മദ് റാഫി.കെ |
| എഗ്രിമെന്റ് നം- | 20/AEE/LSGD/BP/23-24 Dt.23.2.24 |
| എം.ബുക്ക് നം- | LSGD/CELSGD/MB/11802/2023_6_1_1 |
| തുക- | 315688/- |
| BRN.NO- | 24140663010901064848 Dt 19.12.24 |

| | |
|---|---|
| പ്രവർത്തിയുടെ പേര്- | നന്ദിയോട് CHCകെട്ടിടം ഇലക്ട്രിഫിക്കേഷൻ, കെട്ടിടം |

| | |
|---|---|
| | നവീകരണം<br>പ്രോജക്ട് നം-148/26 |
| നിർവഹണം- | അസി.എക്സി,എഞ്ചിനീയർ |
| കോൺട്രാക്ടർ- | യാസിർ അലിഖാൻ |
| എഗ്രിമെന്റ് നം- | 64/AE/LSGD/BP/25-26 Dt.06.3.26 |
| തുക- | 216471/- |
| ബിൽ നം | 9/25-26 |

**1-18 Standard Bid Document -SBD- ലെ വ്യവസ്ഥകൾ പാലിക്കാതെ നിർവ്വഹിക്കുന്നു- സ്ഥാപനത്തിന് ബാധ്യതയ്ക്ക് കാരണമാകുന്നു**

2025-26 വർഷത്തിൽ അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രവർത്തികളിൽ Letter Of Acceptance (LOA) പ്രകാരമുള്ള തുകയ്ക്കുള്ള Public Liability Insurance Policy എടുക്കുകയാണ് ചെയ്തിട്ടുള്ളത്. Act Of God Coverage ടൈപ്പിലുള്ള പോളിസി പോലും ചില ഫയലിൽ കാണുന്നുണ്ട്. Act Of God Policy – പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മാത്രമാണ് പരിരക്ഷ നൽകുന്നത്. നിർമ്മാണ പ്രവൃത്തിക്കിടെ സംഭവിക്കാവുന്ന മറ്റ് ആകസ്മിക അപകടങ്ങൾ, നിർമ്മാണ സാമഗ്രികൾക്കുണ്ടാവുന്ന നാശനഷ്ടങ്ങൾ മൂന്നാം കക്ഷിക്കുണ്ടാവുന്ന ബാധ്യതകൾ എന്നിവയ്ക്ക് CONTRACTORS ALL RISK -(CAR ) POLICY -നൽകുന്ന സമഗ്ര പരിരക്ഷ ACT OF GOD POLICY നൽകുന്നില്ല. ആയതിനാൽ ACT OF GOD POLICY യെ CAR POLICY യ്ക്ക് പകരമായി അംഗീകരിക്കാനാവില്ല. ചില പ്രവൃത്തികളുടെ ഫയലിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷൂറൻസിൻറെ ലെറ്റർ ഹെഡിൽ അഡ്ജസ്റ്റ്മൻറ് വൗച്ചർ എന്ന പേരിൽ ഒരു തുക കുറവു ചെയ്തിരിക്കുകയാണ് , പരിരക്ഷാ കാലയളവ്, പോളിസി ടൈപ്പ് , പരിരക്ഷ ഉറപ്പുവരുത്തുന്നയാളുടെ പേര് എന്നിവ പോലും രേഖപ്പെടുത്തിയിട്ടില്ല.

Kerala PWD Standard Bid Document (SBD) യിൽ Clause 12 പ്രകാരം ഇൻഷൂറൻസിനെ സംബന്ധിച്ച് താഴെ പറയും പ്രകാരമാണ് പരാമർശിച്ചിട്ടുള്ളത്.

Clause 12.1
കോൺട്രാക്ടർ, എംപ്ളോയറുടേയും കോൺട്രാക്ടറുടേയും സംയുക്തമായ പേരിലാണ് (Joint Names) ഇൻഷൂറൻസ് എടുക്കേണ്ടതെന്നും ആയത് പ്രവൃത്തിയുടെ പ്രാരംഭ തിയ്യതി മുതൽ പ്രവൃത്തി അവസാനിക്കുന്ന തിയ്യതി വരെ ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഡിഫക്ട് ലയബിലിറ്റി പിരീയഡിലും കോൺട്രാക്ടറുടെ റിസ്ക് മൂലം ഉണ്ടാവുന്ന പ്രവൃത്തി / പ്ളാന്റ് /മെറ്റീരിയൽസ്/ ഉപകരണങ്ങൾ/ മറ്റു പ്രോപ്പർട്ടികൾ എന്നിവയുടെ നഷ്ടത്തിനോ കേടുപാടിനോ തൊഴിലാളികൾക്ക് ജോലിക്കിടെയുണ്ടാവുന്ന പരിക്ക്, മരണം എന്നിവയ്ക്കും പരിരക്ഷ നൽകണം.

Clause 12.2
കോൺട്രാക്ടർ പ്രവൃത്തി തുടങ്ങുന്നതിനു മുൻപുതന്നെ ഇൻഷൂറൻസ് പോളിസിയും സർട്ടിഫിക്കറ്റും എഞ്ചിനീയർക്ക് അപ്രൂവലിനായി നൽകണം. ഇൻഷൂറൻസ് പോളിസി പ്രവൃത്തിക്കിടെ സംഭവിക്കാവുന്ന കേടുപാടിനോ, നഷ്ടത്തിനോ പരിഹരിക്കാൻ ആവശ്യമായ പരിരക്ഷ ലഭിക്കാൻ തരത്തിലുള്ളതായിരിക്കണം

Clause 12.3
കോൺട്രാക്ടർ ഇൻഷൂറൻസ് പോളിസി എടുത്തില്ലെങ്കിൽ എഞ്ചിനീയർക്ക്/ എംപ്ളോയർക്ക് തന്നെ ഇൻഷൂറൻസ് എടുക്കാം. ഇൻഷൂറൻസ് പോളിസിക്കായി ചെലവഴിച്ച തുക കോൺട്രാക്ടർക്ക് നൽകാവുന്ന തുകയിൽനിന്നും കുറവു ചെയ്യാം.

സമഗ്ര ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കാതെ പ്രവർത്തി നിർവഹിക്കാൻ അനുവദിച്ചത് SBD വ്യവസ്ഥകളുടെ ലംഘനമാണ്. ഇതുമൂലം പ്രവർത്തി നിർവഹണത്തിനിടയിൽ അപകടം, പ്രവർത്തിക്ക് കേടുപാടുകൾ, മൂന്നാം കക്ഷിക്ക് നഷ്ടം, തൊഴിലാളികളുടെ നഷ്ട പരിഹാര അവകാശവാദങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനു സാമ്പത്തികവും നിയമപരവുമായ ബാധ്യതകൾ ഉണ്ടാവാൻ സാധ്യതയുണ്ട്.

ആയതിനാൽ SBD വ്യവസ്ഥകൾ പാലിക്കാതെ പ്രവർത്തി നിർവഹിക്കാൻ അനുവദിച്ചതിനും വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീ കരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നം 14/02.08.26)

## 1-19 സെക്യൂരിറ്റി ഡെപ്പോസിറ്റ് സമയബന്ധിതമായി തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല

കേരള പൊതുമരാമത്ത് വകുപ്പിന്റെ STANDARD BID DOCUMENT (SBD) Clause 7.11 , 7.12 പ്രകാരം പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുകയും ഡിഫക്റ്റ് ലയബിലിറ്റി പിരീയഡ് അവസാനിക്കുകയും ചെയ്ത ശേഷം കരാറുകാരിൽ നിന്നും ഈടാക്കിയ Performance Security Deposit/ Security Deposit കരാറിലെ വ്യവസ്ഥകൾക്ക് വിധേയമായി സമയബന്ധിതമായി തിരികെ നൽകേണ്ടതാണ്. ഡിഫക്റ്റ് ലയബിലിറ്റി പിരീയഡിൽ എന്തെങ്കിലും അപാകങ്ങൾ കണ്ടെത്തുന്നപക്ഷം അവ പരിഹരിക്കുന്നതിനായി കരാറുകാരന് രേഖാമൂലമുള്ള നോട്ടീസ് നൽകേണ്ടതുമാണ്. 25-11-2019 ലെ ധനകാര്യ വകുപ്പിന്റെ 161/2019 നം സർക്കാർ ഉത്തരവ് പ്രകാരം വിവിധ പ്രവർത്തികൾക്ക് നിജപ്പെടുത്താവുന്ന ഡിഫക്റ്റ് ലയബിലിറ്റി പിരീയഡ് കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ പരിശോധനയ്ക്ക് ലഭ്യമായ രേഖകൾ പ്രകാരം (സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ ) വിവിധ സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ട Performance Security Deposit/ Security Deposit ദീർഘകാലമായി തിരികെ നൽകിയിട്ടില്ല . കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പിടിച്ചുവയ്ക്കുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തുകയോ Defect Liability Period ൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി കരാറുകാരന് രേഖാമൂലമുള്ള നോട്ടീസ് നൽകുകയോ ചെയ്തതിന്റെ രേഖകളുമില്ല. പ്രവൃത്തി ഉപേക്ഷിക്കപ്പെട്ടതായും കാണുന്നില്ല. ( പ്രവൃത്തി ഉപേക്ഷിക്കപ്പെട്ടവ പ്രത്യേകം രേഖപ്പെടുത്തിയിട്ടുമുണ്ട്.)
ഇപ്രകാരം Security Deposit അനാവശ്യമായി പിടിച്ചു വയ്ക്കുന്നത് കരാർ വ്യവസ്ഥകൾക്ക് വിരുദ്ധവും കരാറുകാരുടെ തുക അനാവശ്യമായി തടഞ്ഞുവയ്ക്കുന്നതിനു തുല്യവുമാണ്.

അതിനാൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇതുവരെ തിരികെ നൽകാത്തതിന്റെ വിശദാംശങ്ങൾ- പിടിച്ചു വയ്ക്കുന്നതിനുള്ള നിയമപരമായ കാരണം , കരാറുകാർക്ക് നൽകിയ നോട്ടീസുകളുടെ പകർപ്പുകൾ എന്നിവ ഓഡിറ്റിനു ലഭ്യമാക്കുകയും നിബന്ധനകൾ പാലിച്ച പ്രവൃത്തികളിലെ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടിയന്തിരമായി തീർപ്പാക്കി റിപ്പോർട്ട് നൽകുകയും ചെയ്യേണ്ടതാണ്. ( എൻകയറി നം 13/02.08.26)

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| | **2019-20** | |
|---|---|---|
| കോൺട്രാക്ടറുടെ പേര് | പ്രവർത്തി | നിക്ഷേപ വിശദാംശം |
| സമീന. എച്ച് പി.ഡബ്ളയു.ഡി പുതുനഗരം ഗ്രാ.പ | ചെട്ടിയത്തുകുളമ്പ് എസ്.സി കോളനി റോഡ് | TSBNO. 397998 Dt 6.11.19 10000/- Federal Bank PG Dt 11/11/97 10000/- |
| വിൽസൺ .ആർ പി.ഡബ്ളയു.ഡി കോൺട്രാക്ടർ, തത്തമംഗലം | വൃദ്ധവികലാംഗ സദനം അറ്റകുറ്റപ്പണി ,കൊടുവായൂർ | TSBNO. 484947 Dt 12.11.19 (തുക രേഖപ്പെടുത്തിയിട്ടില്ല, ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| സതീഷ്.എൻ പെരുവെമ്പ് | പുതുനഗരം ഗ്രാമപഞ്ചായത്ത് മോഡൽ അംഗൻവാടി | TSBNO. 281146 Dt 7.11.19 (തുക രേഖപ്പെടുത്തിയിട്ടില്ല, ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| | | |

| | | |
|---|---|---|
| പ്രമോദ് കുമാർ .ജി ആനമാറി | വനിതാകാന്റീൻ നിർമ്മാണം കൊല്ലങ്കോട് ബ്ളോക്ക് | TSB NO. 205978 Dt 11.11.19<br>12500/-<br>PNB FD Dt 11.11.19<br>125000/- |
| പ്രമോദ് കുമാർ .ജി ആനമാറി | അംഗൻവാടി ISO സർട്ടിഫിക്കേഷൻ, കൊല്ലങ്കോട് | TSB NO. 205983 Dt 11.11.19<br>5000/-<br>PNB FD Dt 11.11.19<br>5000/- |
| പ്രമോദ് കുമാർ .ജി ആനമാറി | മുതലമട ഗ്രാമപഞ്ചാ യത്ത്-SC വനിതകൾക്ക് മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് നിർമ്മാണം. | TSB NO. 205981 Dt 11.11.19<br>125000/-<br>PNB FD Dt 11.11.19<br>125000/- |
| പ്രശാന്ത്.എസ് | പൂന്തോണി റോഡ് ,പുതുനഗരം ഗ്രാ.പ | TSB NO.375077 Dt 11.11.19<br>25000/- ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| | **2020-21** | |
| പ്രമോദ് കുമാർ മുതലമട | പാപ്പാൻചള്ള-പാറയ്ക്കൽ ചള്ള-മലംപതി ST കോളനി DWSS പൂർത്തീകരണം | TSB NO JL 0139053 Dt 17.04.20<br>25000/-<br>ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| മോഹനൻ .ആർ പെരുവെമ്പ് | മടിയിൽപാടം എസ്.സി കുടിവെള്ള പദ്ധതി- ടാങ്ക് നിർമ്മാണം, പെരുവെമ്പ് | TSB NO. JL 0139053 Dt 04.01.2021<br>29000/-<br>ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| രൂപേഷ് കുമാർ | പടിഞ്ഞാറെ ചുട്ടിച്ചിറ കുടിവെള്ള പദ്ധതി | TSB NO. JL 058714 Dt 08.01.21<br>24000/<br>ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| രൂപേഷ് കുമാർ | ഏരിപ്പാടം -പാറകുളമ്പ് SC കുടിവെള്ള പദ്ധതി | TSB NO. JL 0587139 Dt 08.01.21<br>24000/<br>ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| | **2021-22** | |
| പ്രമോദ് കുമാർ .ജി ആനമാറി | കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് കോൺഫറൻസ് ഹാൾ നിർമ്മാണം | TSB NO. JL 055821 Dt 07.06.21<br>25600/ |

| | | |
|---|---|---|
| | | ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| ഹിരോഷ് കുമാർ.സി | മലയംപതി ST കോളനി റോഡ് | TSB NO.JL 055835 Dt 07.06.21<br>7000/-<br>FED BANK FD – 9749890<br>Dt. 26.05.21<br>6000/- |
| ഹിരോഷ് കുമാർ.സി | വലിയചള്ള – കരിപ്പാലി ചള്ള DWSS പൂർത്തീകരണം | TSB NO. JL 055836 Dt 27.06.21<br>11000/-<br>FED BANK FD – 9749890<br>Dt. 26.05.21<br>6000/- |
| അനന്തൻ ഇ.എൻ | എള്ളുപറക്കാട്-ചപ്പക്കാട് റോഡ് ഇംപ്രൂവ്മെന്റ് | TSB NO. JL 0515834 Dt 26.06.22<br>30000/-<br>ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| | **2022-23** | |
| പ്രഭാകരൻ.കെ<br>പട്ടഞ്ചേരി | പുതുനഗരം-പട്ടച്ചിറ റോഡ് ഇംപ്റൂവ്മെന്റ് | TSB NO JL 0723372 Dt 08.03.23<br>15100/-<br>ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| രാമചന്ദ്രൻ<br>നല്ലേപ്പിള്ളി | നെടുംപള്ളം റോഡ് ടാറിംഗ് | TSB NO. JL 0723366 Dt 08.03.23<br>20000/-<br>ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| പ്രമോദ് കുമാർ .ജി<br>കണ്ടൻചിറ | മുണ്ടിയം പറമ്പ് SC കോളനി | TSB NO. JL 1030890 Dt 01.02.23<br>17000/-<br>(ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| ഭാസ്കരൻ. സി<br>ചേകോൽകളം | കോട്ടപ്പാടം നായ്ക്കത്തറ റോഡ് നിർമ്മാണം | TSB NO JL 1031841 Dt 23.01.23<br>21700/-<br>(ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| പ്രസാദ്.കെ,വി | മംമ്പറ പ്പാടം ഡ്രൈനേജ് | TSB JL 1031839 Dt 23.01.23<br>26300/-<br>(ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |

| | | |
|---|---|---|
| സമീന,എച്ച് | കുന്നംകോട്-ആനൂർകളം കനാൽ റോഡ് റെനൊവേഷൻ | TSB JL 1001619 Dt 17.12.22 16500/- (ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| അനന്തൻ. ഇൻ | പുതൂർ SC കോളനി റോഡ് റെനൊവേഷൻ | TSB JL 1031808 Dt 17.1.23 16750/- (ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| രമേഷ്.ആർ | വടക്കുംപാടം കനാൽ ബണ്ട് റോഡ് | TSB JL 0723619 Dt 17.12.22 36000/- (ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |
| അസ്സൻ മുഹമ്മദ് | ബ്ളോക്ക് പഞ്ചായത്ത് മെയിൻ കെട്ടിടം നിർമ്മാണം | TSB JL 0588161 Dt 03/05/23 65400/- (ബാങ്ക് ഗ്യാരണ്ടി സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല) |

മേൽ പരാമർശിച്ചതുൾപ്പെടെ 2023-24, 2024-25, 2025-26 എന്നീ വർഷങ്ങളിലെ സെക്യൂരിറ്റി സംബന്ധിയായ രേഖകൾ സമഗ്രമായി പരിശോധിക്കപ്പേടേണ്ടതും നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകങ്ങൾ

2025-26 വർഷത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 36 പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 30 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. ആകെ വകയിരുത്തിയ 72676683/- രൂപയിൽ 18166211/- രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്. ചെലവ് 24.99% ശതമാനം മാത്രമാണ്*( സുലേഖ സ്റ്റേറ്റ്മെൻറ്പ്രകാരം).*

2) **സ്പിൽ ഓവർ ആയ താഴെ പറയുന്ന പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ |
|---|---|---|
| 1 | 172/25-26 ബ്ളോക്ക് ഓഫീസ് കോമ്പൗണ്ടിൽ മാലിന്യ സംസ്കരണത്തിനു ചിമ്മിനി സ്ഥാപിക്കൽ | 175736 |
| 2 | 182/25-26 പാണികുളമ്പ് റോഡ് പുനരുദ്ധാരണം-പുതുനഗരം ഗ്രാമപഞ്ചായത്ത് | 1756500 |
| 3 | 205/25-26 കൊടുവായൂർ സി.എച്ച്.സി-കെട്ടിടം നവീകരണം- | 539008 |
| 4 | 214/25-26 പൊന്നനാടി റോഡ് | 646634 |

| | | |
|---|---|---|
| 5 | 164/25-26 കൊടുവായൂർ വൃദ്ധവികലാംഗ സദനത്തിലേക്ക് ഇൻസിനറേറ്റർ സ്ഥാപിക്കലും അനുബന്ധ പ്രവർത്തികളും | 16736 |

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 48 പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 18 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 30 എണ്ണം നടപ്പിലാക്കിയിട്ടില്ല. ആകെ വകയിരുത്തിയ 34443728/- രൂപയിൽ 7168839 -*രൂപയാണ് ചെലവ് ചെയ്യിട്ടുള്ളത് ( സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരം). ചെലവ് 20.81% ശതമാനം മാത്രമാണ്. ടി വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം* 4/23.07.26 നു ലഭ്യമായ മറുപടി താഴെ പറയും പ്രകാരമാണ്.

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 48 പ്രവർത്തികളിൽ 24 എണ്ണം പൂർത്തീകരിച്ചിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം നാലു ബില്ലുകൾ മാറിയിട്ടില്ല. 3 പ്രവൃത്തികൾക്ക് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും NOC ലഭിക്കേണ്ടിയിരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചതിനാൽ 29/01/26 നു ടെണ്ടർ തുറന്ന് പരിശോധിച്ച പ്രവൃത്തികൾക്ക്പുതിയ ഭരണസമിതി രൂപീകരിച്ച് ടെണ്ടർ അംഗീകാരം ലഭിച്ചതിനുശേഷം ഡിസംബറിലാണ് കരാറിലേർപ്പെടാൻ കഴിഞ്ഞത് . 3,4 ഘട്ടങ്ങളിലായി ഫെബ്രുവരി അവസാനം ടെണ്ടർ ചെയ്ത 22 പ്രവൃത്തികൾ മാർച്ച് മാസത്തിലാണ് കരാറിലേർപ്പെട്ടത്. തന്മൂലം പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

അസി.എക്സി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗികാരം ലഭിച്ച 36 പ്രവൃത്തികളിൽ വകയിരുത്തിയ തുകയായ 72676683/- രൂപയിൽ 35914881/-രൂപ വൃദ്ധവികലാംഗ സദനം കെട്ടിട നിർമ്മാണം , 1000000/- രൂപ വനിതാവ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം എന്നിവയ്ക്കാണ്. ഈ രണ്ട് പ്രവൃത്തികൾക്കുമായി ആകെ 45914881/- രൂപയാണ്.

വൃദ്ധവികലാംഗ സദനം കെട്ടിട നിർമ്മാണം പ്രവൃത്തി മണ്ണിനുറപ്പില്ലാത്തതിനാൽ നിർമ്മാണ സമയത്ത് Soil Liquifaction സംഭവിച്ചതിനാൽ നിർത്തി വയ്ക്കുകയും തുടർന്ന് റീഡിസൈൻ പ്രകാരം 500 Mm Dia Mtr Pile 116 No.S, 600mm Dia Mtr Pile 22 No.S, ആണ് ഡിസൈൻ ചെയ്തു നൽകിയിട്ടുള്ളത്. നിലവിൽ പൈൽ ഫൗണ്ടേഷൻ പ്രവർത്തികൾ പുരോഗമിക്കുന്നു.

വനിതാ വ്യവസായ കേന്ദ്രം കെട്ടിട നിർമ്മാണം പ്രവൃത്തിയുടെ മണ്ണു പരിശോധനാറിപ്പോർട്ട് പ്രകാരം Structural Design ചെയ്യേണ്ടി വരുകയും ആയത് നിലവിൽ വെറ്റിംഗിനായി എൻ .എസ്.എസ് എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് നൽകിയിരിക്കുകയുമാണ്. വെറ്റിംഗിനു ശേഷം മാത്രമേ പ്രവൃത്തി തുടങ്ങാൻ കഴിയുകയുള്ളൂ.

2090326/- രൂപയുടെ പൂർത്തീകരിച്ച പ്രവൃത്തികളുടെ അലോട്ട്മെന്റ് സമർപ്പിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ബില്ലുകൾ മാറിയിട്ടില്ല.

പണികുളമ്പ് റോഡ് നിർമ്മാണം എന്ന പ്രവൃത്തി സ്ഥല തർക്കം മൂലം ആരംഭിക്കാൻ കഴിഞ്ഞില്ലാത്തത് നിലവിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ബാക്കി സ്പിൽ ഓവർ പ്രവൃത്തികൾ എല്ലാം തന്നെ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഇ-ടെൻണ്ടർ ഫീ തനതുഫണ്ടിലേക്ക് അടവാക്കേണ്ടതാണ്

അസി. എൻജിനിയർ ഇ- ടെൻണ്ടർ നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് വരുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെൻണ്ടർ

നടത്തുമ്പോൾ ടെൻണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (ACCOUNT NO-37157331032 , STATE BANK OF INDIA) 31.3.2026 നു 258610 രൂപ ശേഷിക്കുന്നുണ്ട്.

ടി തുക അടിയന്തിരമായി അടവാക്കേണ്ടതാണ് എന്ന് പരാമർശിച്ചുകൊണ്ട് എൻക്വയറി ( 3/**23-07-2026** )നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ **01/04/25** മുതൽ **31/07/26** വരെയുള്ള തുക **227458/-** രൂപ **01/08/2026** നു **SBI CHEQUE NO. 030641** പ്രകാരം അടവാക്കിയിട്ടുണ്ട്.

മേൽ അക്കൗണ്ട് പരിശോധിച്ചതിൽ **2025** ജനുവരി മാസത്തിലാണ് അവസാനമായി ഇ-ടെണ്ടർ തുക അടവാക്കിയിട്ടുള്ളത്, ആയതിനാൽ **2025** ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുക അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## <u>1-22 അഡ്വാൻസ് സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല</u>

വാർഷിക ധനകാര്യ പത്രിക 2025-26 ലെ B18 ഷെഡ്യൂൾ Loans, Advances And Deposits പ്രകാരം

1) Advances To Implementing Agencies- 345000/-

2) Advances To Implementing Officers- 477342/-

3) Advances To Others- 9912700/-

മേൽ തുകകളുടെ വിശദവിവരം- (ഏജൻസി / ഉദ്യോഗസ്ഥൻ, പ്രോജക്ട് വിശദാംശങ്ങൾ, വർഷം, പ്രോജക്ട് നടന്നിട്ടില്ലായെങ്കിൽ കാരണം, സ്വീകരിച്ച തുടർ നടപടികൾ സഹിതം ലഭ്യമാക്കുന്നതിനു എൻക്വയറി നം. 6/24.07.2026 പ്രകാരം അവശ്യപ്പെട്ടിരുന്നു.

ആയതിനു ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28/07/2026 ലെ 5853885/2026 നം . കത്തു പ്രകാരം താഴെ പറയും പ്രകാരം മറുപടി ലഭ്യമായിട്ടുണ്ട്.

<u>1) Advances To Implementing Agencies- 345000/-</u>

പ്രൊജക്ട്നം- 215-( Installation Of Borewell & Motor In Block Panchayath Compound ) പ്രകാരം ഭൂജലവകുപ്പിനു 31/03/25 നു 345000/- രൂപ അഡ്വാൻസ് ഇനത്തിൽ കൈമാറിയിരുന്നു. പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനുശേഷം വിനിയോഗിക്കാതെ ബാക്കിയുള്ള തുകയായ 52528/- രൂപ 18/06/26 തിയതിയിൽ ഭൂജലവകുപ്പിൽ നിന്നും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തനതുഫണ്ട് ( Miscellaneous) അക്കൗണ്ടിൽ തിരികെ അടവാക്കിയത് ബന്ധപ്പെട്ട ROP ഹെഡിൽ അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>2) Advances To Implementing Officers- 477342/-</u>

A) Consultancy Fee For The Preparation Of DPR Of Old Age Home At Koduvayur GP- 458701/-

B) Advances To SCDO- Electricity Charges Of Prematric Hostel
18641/-

ആകെ 477342/- രൂപ അഡ്വാൻസ് ക്രമീക്കുന്നതിനുള്ള നടചടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>3) Advances To Others- 9912700/-</u>

<u>A)</u> സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയം 40% മുൻകൂർ അനുവദിച്ചത് - 60000/-

സാക്ഷരതാ പ്രേരകാമാരുടെ 2024 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരേയുള്ള ഹോണറേറിയം തുകയിൽ 40% മുൻകൂറായി അനുവദിച്ച 60000/- രൂപ തിരികെ ലഭ്യമായിട്ടില്ല. ആയത് തിരികെ ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

<u>B) കേരളോത്സവം അഡ്വാൻസ്- 100000/-</u>

2023-24 വരെ കേരളോത്സവം നടത്തിപ്പിനായി യുവജനക്ഷേമബോർഡിൽ നിന്നും ഒരുലക്ഷം രൂപ ലഭിച്ചിരുന്നു. 2024-25 ൽ ടിതുക ലഭ്യമാകുമെന്ന പ്രതീക്ഷയിലാണ് അഡ്വാൻസ് ഇനത്തിൽ 100000/- രൂപ അനുവദിച്ചിട്ടുളത്. ടി തുക ലഭിക്കാതിരുന്നതിലാണ് ക്രമീകരിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്.

<u>C) Project No.192/24-25 Solar Hanging Fencing ( District Panchayath Share To DFO)- 5000000/-</u>

സോളാർ ഫെൻസിംഗ് പദ്ധതി പൂർത്തീകരിച്ച് മുഴുവൻ തുകയ്ക്കുമുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ തുക ക്രമീകരിക്കാതിരുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

D) Project -214 Pooppara ST Colony Samagra Vikasanam Advance To DFO – 2948413/-

പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് വിനിയോഗസാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

E) Project 225- Thekkadi Sanketham Samagravikasanam – 1803107

പദ്ധതി പൂർത്തീകരിക്കുന്നമുറയ്ക്ക് വിനിയോഗസാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

F) ഡീമാറ്റ് അക്കൗണ്ട്-ബാങ്ക് ചാർജ്-1180/-

ഡീമാറ്റ് അക്കൗണ്ട്-ബാങ്ക് ചാർജ് ഇനത്തിലെ -1180/- രൂപ ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ നിന്നും ഈടാക്കിയിട്ടുള്ളത് തനതുഫണ്ടിൽ നിന്നും തിരികെ അടവാക്കി ക്രമീകരിച്ചിട്ടുള്ളതാണ്. അക്കൗണ്ട് സ്റ്റേറ്റ്മെന്റ് സഹിതം മറുപടി സമർപ്പിച്ചിട്ടുണ്ട്. ആവശ്യമായ രേഖകൾ സഹിതം അഡ്വാൻസുകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക്-സംബന്ധിച്ച പരിശോധന

1. മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ )

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 29 | 182582 | 182582 | 0 |

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2025-26 | 22-07-2026 മുതൽ 29-07-2026 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട് |

### 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | 2024-25 ൽ ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം മുന്നിരിപ്പ് | 130376 | | 0 | 130376 |
| കൊല്ലങ്കോട് | 1126000 | പി.എം.എ വൈ പദ്ധതിക്കായുള്ള ഗ്രാമപഞ്ചായത്ത് വിഹിതം | 1126000 | 0 |
| പെരുവെമ്പ് | 1095000 | | 1095000 | 0 |
| വടവന്നൂർ | 770000 | | 770000 | 0 |
| പട്ടഞ്ചേരി | 2340000 | | 2340000 | 0 |
| മുതലമട | 370000 | | 370000 | 0 |
| മുതലമട | 560000 | | 560000 | 0 |
| മുതലമട | 630000 | | 630000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 7455000 | പി.എം.എ വൈ പദ്ധതിക്കായുള്ള ജില്ലാ പഞ്ചായത്ത് വിഹിതം | 7455000 | 0 |

## 4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | പ്രൊജക്ട് നമ്പറും പേരും | അടങ്കൽ ഫണ്ടിനം | ചെലവ് ബിൽ നമ്പർ തീയതി | നിർവഹണ ഏജൻസി |
|---|---|---|---|---|
| 1 | 144/26 കൊടുവായൂർ മുത്തൻകാട് കുടിവെള്ള പദ്ധതി | 10,00,000 CFC ഗ്രാന്റ് | 551935<br>1. XVFC/25-26/ P/21/24.10.25-151935<br>2. XVFC/25-26/ P/29/21.02.26-400000 | ഭൂജലവകുപ്പ് ജില്ലാ കാര്യാലയം, പാലക്കാട് |
| 2 | 10/26 കൊടുവായൂർ തേവർപ്പാടം കുടിവെള്ള പദ്ധതി | 10,00,000 ( CFC ഗ്രാന്റ് ) | 151935<br>1.XVFC/25-26/ P/20/24.10.25 | ഭൂജലവകുപ്പ് ജില്ലാ കാര്യാലയം, പാലക്കാട് |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-6 വായ്പ /വായ്പാ തിരിച്ചടവ്

ഒന്നുമില്ല.

## 4-7 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല .

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 98-99 | 10 | 2003-04 | 4.13 | പഞ്ചായത്ത് അനക്സർ കെട്ടിട നിർമ്മാണം | സമിതി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |
| | 11 | | | സി.എച്ച്.സി കൊടുവായൂർ- നിർമ്മാണം | |
| | 14 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | |
| 99-00 | 9എ | | | സി.എച്ച്.സി കൊടുവായൂർ- നിർമ്മാണം | |
| | 16(3) | | | കൊല്ലത്ത് കുളമ്പ് തടയണ | |
| | 17(2) | | | വടവന്നൂർ ക്കാരപറമ്പ് തോട്ടിൽ തടയണ | |
| | 19 | | | അളവു പുസ്തകങ്ങൾ ലഭ്യമായില്ല | |
| | 20 | | | വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കിയില്ല | |
| | 20 B | | | പൈപ്പ് വാങ്ങിയതിലെ ചെലവ് | |
| 2003-04 | 3-2 | 2007-08 | 3.1.24(1) | പറമ്പിക്കുളം കുടിവെള്ള പദ്ധതി - പ്രവൃത്തി ലക്ഷ്യം കണ്ടില്ല. | സമിതി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല |
| 2005-06 | 3-2 | 2007-08 | 3.1.24(2) | തേക്കടി മുപ്പതേക്കർ കോളനിയിൽ ആദിവാസികൾക്ക് വീട് നിർമ്മാണം- ഡി.എഫ്.ഒ നെന്മാറയ്ക്ക് നൽകിയ പ്ലാൻ | സമിതി വിഷയം പരിഗണിച്ചിട്ടുണ്ട് അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | ഫണ്ട്- തുക വിനിയോഗിച്ചില്ല | |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | ₹183893390 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 159134029 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15900 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 15900 | ശ്രീ വേലായുധൻ .സി എസ്.സിഡി.ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വേലായുധൻ.സി എസ്.സിഡി.ഒ | എസ്.സിഡി.ഒ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | മാംമ്പള്ളം ഹൗസ് മുതലമട (പി.ഒ) കൊല്ലങ്കോട് പാലക്കാട് |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1995-96 മുതൽ 1997-98 വരെ | LFP.10/576/99/ 13-01-2000 | 3 |
| 1998-99 | LF-P5/1046/03/5-1-2004 | 3 |
| 1999-2000 | LF-P5/1047/03/5-1-2004 | 6 |
| 2000-01 | KSA-PKD.8 /360/18(1)/2-06-2018 | 5 |
| 2001-02 | KSA-PKD-8/2474/22/ 24.11.22 | 7 |
| 2002-03 | KSA-PKD8 /360/18(3)/2-06-2018 | 9 |
| 2003-04 | KSA-PKD-25 /360/18(4)/2-06-2018 | 4 |
| 2004-05 | KSA-PKD-25 /360/18(5)/2-06-2018 | 1 |
| 2005-06 | KSA-PKD-8 /438/22/14-3-2022 | 2 |
| 2006-07 | KSA-PKD-8/2474/22/ 24.11.22 | 0 |
| 2007-08 | KSA-PKD-25 /1233/11/20-05-2020 | 4 |
| 2008-09 | KSA-PKD-25 /1234/11/20-05-2020 | 4 |
| 2009-10 2010-11 | KSA-PKD-8/723/24/ 23.04.25 | 6 |
| 2011-12 | KSA-PKD-8/1006/712/22/31-03-2022 | 2 |
| 2012-13, 2013-14, 2014-15 | KSA-PKD-8/2474/22/ 24.11.22 | 6 |
| 2015-16 | KSA-PKD-8/2474/22/ 24.11.22 | 5 |
| 2016-17 | KSA-PKD-8/2474/22/ 24.11.22 | 4 |
| 2017-18 | KSA-PKD-8/2474/22/ 24.11.22 | 4 |
| 2018-19 | KSA-PKD-8/2474/22/ 24.11.22 | 6 |
| 2019-20 | KSA-PKD8/1449 | 13 |
| 2020-21 | KSA-PKD.P8/1193/24/ 30.04.2025 | 11 |
| 2021-22 | KSA-PKD8/664/23/ 28.04.2023 | 17 |
| 2022-23 | KSA-PKD8/1202/23/ 13.9.2023 | 19 |
| 2023-24 | KSA-PKD.P8-810/24, 06.08.2024 | 13 |
| 2024-25 | KSA-PKD.P8-1081/25, 24/09/2025 | 12 |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3/1 dated 3/1 dated 30-05-2026 and submitted on 23-06-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2026 and Balance sheet as on 31-03-2026 , with supporting forms, of the Kollengode Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2025-2026 and Financial position of Kollengode Block Panchayat as on 31-03-2026

**Date: 03/09/2026** **Senior Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Kollengode Block Panchayat for the Year 2025-2026.

### 1.Major Observations

NIl

### 2.Other Observations

1. Grant liability amount shown as liability in Balancesheet does not match with Bank account opened for the specified grantThe remaining grant amounts does not match the balance in the bank account where the funds are deposited.
2. An amount that is not actually a fixed deposit has been included as a fixed deposit in the annual financial statement.
3. some of the Revenue Expenditures were included as Capital Expenditure in AFS
4. Comments relating to Notes on account, mandatory financial statement prescribed in accounting rules is not submitted for audit
5. Assets not belonging to the Block Panchayat were included in the annual accounts as fixed Accounts

**Senior Deputy Director,**
**District Office Palakkad,**
**Kerala State Audit Department.**

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# വാർഷികധനകാര്യ പത്രിക -സംഗ്രഹം

| RECEIPT & PAYMENT STATEMENT<br>For the period from 01-April-2025 to 31-March-2026 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | OB | 83711715.00 |
| | **Operating** | | |
| 1400000 | Fees & User Charges | R4 | 68567.00 |
| 1500000 | Sale & Hire Charges | R5 | 122598.00 |
| 1600000 | Revenue Grants, Contributions and Subsidies | R6 | 11855.00 |
| 1700000 | Income from Investments | R7 | 6980.00 |
| 1710000 | Interest Earned | R8 | 28175.00 |
| 1800000 | Other Income | R9 | 76246.00 |
| 3100000 | Panchayat Fund | R21 | -50000.00 |
| 3200000 | Grants, Funds & Contributions for Specific Purposes | R11 | 2571283.00 |
| 3400000 | Deposits Received | R13 | 397766.00 |
| 3500000 | Sundry Creditors | R14 | 124254.00 |
| 4310000 | Sundry Debtors | R20 | 14096579.00 |
| 4310000 | Sundry Debtors | R17 | 80871600.00 |
| 4600000 | Advances Received | R18 | 1855772.00 |
| | **Non Operating** | | |
| | **TOTAL RECEIPT** | | **100181675.00** |
| | **GRAND TOTAL (Opening Balance+ Receipt)** | | **183893390.00** |
| | **PAYMENTS** | | |
| | **Operating** | | |
| 2100000 | Establishment Expenses | P1 | 2164994.00 |
| 2200000 | Administrative Expenses | P2 | 962393.00 |
| 2300000 | Operations & Maintenance | P3 | 512617.00 |
| 2500000 | Programme Expenses | P5 | 424819.00 |
| 2510000 | Expenses related to Productive Sector | P6 | 2405910.00 |
| 2520000 | Expenses related to Service Sector | P7 | 44433288.00 |
| 2530000 | Expenses related to Infrastructure Sector | P8 | 1901435.00 |
| 2550000 | Expenses related to Joint Venture Projects | P10 | 21422390.00 |
| 2600000 | Revenue Grants, Contribution and Subsidies | P11 | 0.0 |
| 3400000 | Deposits Paid | P16 | 318120.00 |

| INCOME & EXPENDITURE STATEMENT<br>For the period from 01-April-2025 to 31-March-2026 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 1400000 | Fees and User Charges Remission and Refund | I - 4 | 68814.00 |
| 1500000 | Sale & Hire Charges | I - 5 | 126251.00 |
| 1600000 | Revenue Grants, Funds, Contributions & Compensations / Subsidies | I - 6 | 103545300.00 |
| 1700000 | Income from Investments | I - 7 | 6980.00 |
| 1710000 | Interest Earned | I - 8 | 28175.00 |
| 1800000 | Other Income | I - 9 | 0.0 |
| | **Total Income** | | **103775520.00** |
| | **EXPENDITURE** | | |
| 2100000 | Establishment Expenses | I - 10 | 2088748.00 |
| 2200000 | Administrative Expenses | I - 11 | 962393.00 |
| 2300000 | Operations & Maintenance | I - 12 | 512617.00 |
| 2500000 | Programme Expenses | I - 14 | 424819.00 |
| 2510000 | Expenses related to Productive Sector | I - 14(a) | 2405910.00 |
| 2520000 | Expenses related to Service Sector | I - 14(b) | 63598959.00 |
| 2530000 | Expenses related to Infrastructure Sector | I - 14(c) | 1998714.00 |
| 2550000 | Expenses related to Joint Venture Projects | I - 14(e) | 21422390.00 |

| | | | |
|---|---|---|---|
| 2600000 | Revenue Grants, Contributions & Compensation from Own Fund / Subsidies | I - 15 | 0.0 |
| 2720000 | Depreciation | I - 18 | 10428961.00 |
| | **Total Expenditure** | | **103843511.00** |
| | **Gross Surplus / Deficit of income over Expenditure** | | **-67991.00** |
| 2800000 | Prior Period Item | I - 19 | 1180.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-69171.00** |

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2025 to 31-March-2026 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 3100000 | Panchayat / Municipal Fund | B1 | 37260102.00 |
| 3120000 | Reserves | B3 | 122304522.00 |
| | **Total Reserve & Surplus** | | **159564624.00** |
| | **Grants, Contributions for Specific Purposes** | | |
| 3200000 | Grants, Funds & Contribution for Specific Purposes | B4 | 61499616.00 |
| | **Total Grants, Contributions for Specific Purposes** | | **61499616.00** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 3400000 | Deposits Received | B7 | 588755.00 |
| 3500000 | Other Liabilities | B8 | 2723959.00 |
| | **Total Current Liabilities and Provisions** | | **3312714.00** |
| | **Total LIABILITY** | | **224376954.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 4100000 | Fixed Assets | B9 | 177447147.00 |
| 4110000 | Accumulated Depreciation | B10 | -41967441.00 |
| | **Total Fixed Assets** | | **135479706.00** |
| | **Investments** | | |
| 4200000 | Investments | B12 | 37804000.00 |
| | **Total Investments** | | **37804000.00** |
| | **Current Assets, Loans and Advances** | | |
| 4310000 | Sundry Debtors (Receivables) | B14 | 14454182.00 |
| 4500000 | Cash and Bank Balance | B17 | 24759361.00 |
| 4600000 | Loans, Advances and Deposits | B18 | 11879705.00 |
| | **Total Current Assets, Loans and Advances** | | **51093248.00** |
| | **TOTAL ASSET** | | **224376954.00** |